ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

സർട്ടിഫിക്കറ്റ് പ്രോഗ്രാം

# QUESTION BANK


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്
ഇന്നൊവേഷൻ ആന്റ് ടെക്നോളജി

DIGITAL UNIVERSITY KERALA
Curating a responsible digital world

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

### സർട്ടിഫിക്കറ്റ് പ്രോഗ്രാം

# Question Bank


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

കേരള യൂണിവേഴ്സ്റ്റി ഓഫ് ഡിജിറ്റൽ സയൻസസ്
ഇന്നൊവേഷൻ ആന്റ് ടെക്നോളജി

## കോഴ്സ് – 01

# അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണ നിർവ്വഹണവുംനിയമഘടനയും

1. ജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിൽ പങ്കാളികളാകുന്നതിനുള്ള അവകാശം ഉറപ്പുവരുത്തുന്നതും അധികാരം താഴെ തട്ടിലേക്ക് കൈമാറുന്നതുമായ പ്രക്രിയ ഏതാണ്?

   എ) കേന്ദ്രീകരണം　　ബി) വികേന്ദ്രീകരണം

   സി) രാജവാഴ്ച　　ഡി) ജന്മിത്ത സമ്പ്രദായം

2. ഇന്ത്യയിൽ കാലങ്ങളായി വിവിധ രാജവംശങ്ങൾ വിവിധ പ്രദേശങ്ങളിൽ ഭരിച്ചിരുന്നു. ഇത്തരം രാജവാഴ്ച ഏതുതരം ഭരണവ്യവസ്ഥയെ (സംവിധാനത്തെ) യാണ് സൂചിപ്പിക്കുന്നത്?

   എ) കേന്ദ്രീകരണം　　ബി) വികേന്ദ്രീകരണം

   സി) ജനാധിപത്യം　　ഡി) ഇവയൊന്നുമല്ല

3. ഒരു ഗ്രാമത്തിലെ ദരിദ്ര കർഷകന് വീട് നിർമ്മിച്ച് നൽകുവാനുള്ള തീരുമാനം ഗ്രാമസഭയിൽ ചർച്ചചെയ്യുകയോ തീരുമാനിക്കുകയോ ചെയ്യാതെ മുഖ്യമന്ത്രിയുടെ അനുവാദത്തിനായി വിടുന്നു. ഇത് ഏത് തത്വത്തിന്റെ ലംഘനമാണ്?

   എ) കീഴ്ത്തല മുൻഗണന　　ബി) ഉത്തരവാദിത്തം

   സി) സുതാര്യത　　ഡി) മുകൾതല മുൻഗണന

4. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം ജനങ്ങളുടെ പങ്കാളിത്തത്തോടെ, കൂട്ടായ്മയുടെ ഭാഗമായി രൂപപ്പെട്ട തീരുമാനത്തിന്റെയും ജനകീയാസൂത്രണപദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്റെയും ഭാഗമായി പരിഹരിക്കപ്പെട്ടു. ഇത് സാധ്യമായത് ഏതുതരം പ്രക്രിയയുടെ ഭാഗമായാണ്?

   എ) ഉദ്യോഗസ്ഥ ഭരണം　　ബി) കേന്ദ്രീകൃത ആസൂത്രണം

   സി) വകുപ്പു തല ഭരണം　　ഡി) വികേന്ദ്രീകൃത ആസൂത്രണം

5 അധികാരവും ചുമതലകളും നടപ്പാക്കാനുള്ള ഫണ്ട്, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവ പ്രാദേശിക ഗവൺമെന്റുകൾക്ക് കൈമാറുന്ന പ്രക്രിയ ഏതാണ്?

   എ) അധികാര കൈമാറ്റം അഥവാ ഡെവലൂഷൻ

   ബി) അപകേന്ദ്രീകരണം　　സി) ചുമതലപ്പെടുത്തൽ

   ഡി) ഇവയൊന്നുമല്ല

6. പഞ്ചായത്ത് എന്ന പദത്തിന്റെ അർത്ഥം എന്താണ്?

എ) പത്ത് പേരുടെ യോഗം ബി) അഞ്ച് പേരുടെ യോഗം
സി) പതിനഞ്ച് പേരുടെ യോഗം ഡി) അൻപത് പേരുടെ യോഗം

7. പഞ്ചായത്ത് രാജ്/നഗര പാലിക സംവിധാനം ഏതെല്ലാം ഭരണഘടന ഭേദഗതികളിലൂടെയാണ് പ്രാബല്യത്തിൽ വന്നത്?

എ) 63,64 ഭേദഗതികൾ ബി) 73,74 ഭേദഗതികൾ
സി) 67,68 ഭേദഗതികൾ ഡി) 75,76 ഭേദഗതികൾ

8. പങ്കാളിത്ത ഭരണ നിർവ്വഹണത്തിന് പ്രസിദ്ധമായ ഒരു ലോക മാതൃകയുടെ പേര് ?

എ) ഏഥൻസ് മാത്യക ബി) ബ്രിട്ടൺ മാതൃക
സി) ബ്രസീൽ മാതൃക ഡി) ചൈനീസ് മാതൃക

9. ഒരു വാർഡിലെ പ്രായപൂർത്തിയായ എല്ലാവരും ആ വാർഡിലെ ഗ്രാമസഭയിൽ അംഗങ്ങളല്ല. കാരണം?

എ) വോട്ടർ പട്ടികയിൽ അവരുടെ പേര് ഉൾപ്പെട്ടിട്ടില്ല
ബി) ആധാർ കാർഡ് ഇല്ല സി) സ്ഥിര ബുദ്ധിയില്ല
ഡി) റേഷൻ കാർഡിൽ പേരില്ല

10. 73,74 ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന അധികാര വികേന്ദ്രീകരണം കേരളം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കിയത് ഒരു വലിയ പ്രസ്ഥാനത്തിലൂടെയാണ്. അതിന്റെ പേരെന്താണ്?

എ) ജനകീയാസൂത്രണ പ്രസ്ഥാനം
ബി) സാക്ഷരതാ പ്രസ്ഥാനം
സി) കുടുംബശ്രീ പ്രസ്ഥാനം
ഡി) നവകേരള പരിപാടി

11. ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന പ്രത്യേകതകൾ?

എ) ജന പങ്കാളിത്തം
ബി) ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതി
സി) വാർഷിക ബഡ്ജറ്റിലൂടെ പണം വകയിരുത്തുന്നു
ഡി) മുകളിൽ പറഞ്ഞവയെല്ലാം

12. ബിഗ്ബാങ് സമീപനത്തിലൂടെ കേരളത്തിൽ നടപ്പിലാക്കിയ പദ്ധതി ഏത്?

എ) ജനകീയാസൂത്രണം ബി) കുടുംബശ്രീ
സി) പന്ത്രണ്ടിന പരിപാടി ഡി) നവ കേരള പരിപാടി

13. ഇന്ത്യയിൽ തദ്ദേശഭരണ സംവിധാനത്തിൽ 1/3 സംവരണം സ്ത്രീകൾക്ക് ഉറപ്പു വരുത്തിയത് ഏത് ഭരണഘടനാ ഭേദഗതികളുടെ ഫലമായാണ്?

എ) 71,72 ഭേദഗതികൾ | ബി) 73,74 ഭേദഗതികൾ
സി) 61,62ഭേദഗതികൾ | ഡി) 63,64 ഭേദഗതികൾ

14. വിഭവ ഭൂപട നിർമ്മാണം ജനകീയ പങ്കാളിത്തത്തോടെ കേരളത്തിൽ ആദ്യമായി പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനം ഏത്?

എ) കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
ബി) കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്
സി) മടിക്കൈ ഗ്രാമ പഞ്ചായത്ത്
ഡി) മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

15. 1976–ൽ ഭരണഘടനയുടെ ആമുഖത്തിൽ 'സെക്യുലർ' എന്ന പദത്തോടൊപ്പം കൂട്ടിചേർക്കപ്പെട്ട മറ്റൊരു പദം ഏതാണ്?

എ) സോഷ്യലിസ്റ്റ് | ബി) ഡെമോക്രാറ്റിക്
സി) സോവെറിൻ | ഡി) റിപ്പബ്ലിക്ക്

16. പഞ്ചായത്ത്/ മുനിസിപ്പൽ തെരഞ്ഞടുപ്പിന് അഞ്ച് വർഷത്തെ ക്ലിപ്ത നിബന്ധന ഏർപ്പെടുത്തിയ വർഷം

എ) 1960 | ബി) 1992
സി) 1950 | ഡി) 1976

17. നന്തൻകോട് ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡ് ഗ്രാമസഭ ചേർന്നപ്പോൾ യോഗത്തിൽ പങ്കെടുക്കുന്നതിന് വന്ന രവിയെ യോഗത്തിൽനിന്ന് പുറത്തുപോകാൻ യോഗ അധ്യക്ഷൻ ആവശ്യപ്പെട്ടു. എന്തുകൊണ്ട്?

എ) രവി എട്ടാം വാർഡിലെ വോട്ടർ പട്ടികയിൽ പേരില്ലാത്ത ആളായിരുന്നു
ബി) രവിയെ ഗ്രാമ സഭാ യോഗത്തിലേക്ക് വിളിച്ചിരുന്നില്ല
സി) രവി നാലാം വാർഡിലെ വോട്ടറായിരുന്നു
ഡി) രവി നടപ്പു വർഷത്തെ പഞ്ചായത്ത് നികുതി ഒടുക്കിയിരുന്നില്ല

18. 1999-ൽ കേരള പഞ്ചായത്ത് രാജ് നിയമം സമഗ്രമായി പരിഷ്കരിച്ചത് ഏത് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ?

എ) ഭരണപരിഷ്കാര കമ്മിറ്റി
ബി) അശോക് മേത്ത കമ്മിറ്റി
സി) സെൻ കമ്മിറ്റി
ഡി) ഇവയൊന്നുമല്ല

19. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മേഖലയിലുള്ള സ്വയം പര്യാപ്തതയാണ് ഗ്രാമ വികസനത്തിന്റെ ഊന്നൽ. ഇത് ഗാന്ധിജി മുന്നോട്ടുവെച്ച ഏത് സങ്കൽപ്പത്തിൽ നിന്ന് കടം കൊണ്ടതാണ്?

എ) ഹിന്ദ് സ്വരാജ് ബി) നയി താലിം
സി) ഗ്രാമ സ്വരാജ് ഡി) സർവ്വോദയ

20. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കണമെന്നും അവയ്ക്ക് പ്രവർത്തി ക്കാ നാവശ്യമായ അധികാരങ്ങൾ നൽകണമെന്നും ഭരണഘടന നിലവിൽ വന്നപ്പോൾ തന്നെ അതിന്റെ ഏത് ഭാഗത്താണ് വിശദീകരിച്ചിട്ടുണ്ടായിരുന്നത്?

എ) കറന്റ് ലിസ്റ്റ് ബി) കൺകറന്റ് ലിസ്റ്റ്
സി) നിർദ്ദേശക തത്വങ്ങൾ ഡി) ഇവയൊന്നുമല്ല

21. നിയമ നിർമ്മാണം നടത്താൻ സംസ്ഥാനങ്ങൾക്ക് മാത്രം അധികാരം നൽകുന്ന വിഷയം ഭരണഘടനയുടെ ഏത് ലിസ്റ്റിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

എ) യൂണിയൻ ലിസ്റ്റ് ബി) സമവർത്തി ലിസ്റ്റ്
സി) സ്റ്റേറ്റ് ലിസ്റ്റ് ഡി) പതിനൊന്നാം പട്ടിക

22. പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഭരണഘടനയുടെ ഏത് പട്ടികയിലാണ് പ്രതിപാദിക്കുന്നത്?

എ) ഒൻപതാം പട്ടിക ബി) പത്താം പട്ടിക
സി) പതിനൊന്നാം പട്ടിക ഡി) പന്ത്രണ്ടാം പട്ടിക

23. മുനിസിപ്പാലിറ്റികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഭരണഘടനയുടെ ഏത് പട്ടികയിലാണ് പ്രതിപാദിക്കുന്നത്?

എ) ഒൻപതാം പട്ടിക ബി) പത്താം പട്ടിക
സി) പതിനൊന്നാം പട്ടിക ഡി) പന്ത്രണ്ടാം പട്ടിക

24. സമ്പത്തിനെക്കുറിച്ചും രാഷ്ട്രഭരണത്തെക്കുറിച്ചും വിശദമാക്കുന്ന ഒരു ഗ്രന്ഥമാണ് 'അർത്ഥശാസ്ത്രം'. ഭരണകൂടത്തിന്റെ ഘടകങ്ങളെപ്പറ്റിയും സ്വഭാവത്തെപ്പറ്റിയും പ്രതിപാദിക്കുന്ന ഈ കൃതി ആരുടേതാണ് ?

എ) കൗടില്യൻ ബി) കാളിദാസൻ
സി) മെഗസ്തനീസ് ഡി) ശുക്രാചാര്യർ

25. 'പ്രാദേശിക സർക്കാരുകളുടെ പിതാവ്" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ബ്രിട്ടീഷ് വൈസ്രോയി ആരാണ്?

എ) റിപ്പൺ പ്രഭു ബി) ലിട്ടൺ പ്രഭു
സി) കഴ്സൺ പ്രഭു ഡി) മൗണ്ട് ബാറ്റൺ പ്രഭു

26. 1959-ൽ ഇന്ത്യയിൽ ആദ്യമായി പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്ന സംസ്ഥാനം ഏതാണ്?

എ) രാജസ്ഥാൻ ബി) കേരളം

സി) കർണാടകം ഡി) പശ്ചിമ ബംഗാൾ

27. എള്ളുമല പ്രദേശത്ത് ഡ്രെയിനേജ് സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവിലേക്കായി പഞ്ചായത്തിലെ എല്ലാ നികുതിദായകരിൽ നിന്നും സേവന ഉപനികുതി ഈടാക്കുവാൻ ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. ഈ തീരുമാനം നടപ്പിലാക്കുന്നതിനെ പഞ്ചായത്ത് സെക്രട്ടറി എതിർത്തത് എന്തു കൊണ്ട്?

എ) സേവനം പഞ്ചായത്ത് മുഴുവനും ലഭിക്കുന്നില്ല

ബി) ജനങ്ങൾക്ക് അധിക നികുതി ഭാരം ഉണ്ടാകുന്നു

സി) നികുതി പിരിച്ചെടുക്കുന്നതിന് മതിയായ ജീവനക്കാരില്ല

ഡി) സമീപ പഞ്ചായത്തുകൾ ഈ നികുതി ചുമത്തുന്നില്ല

28. കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്കായി പഞ്ചായത്ത് പ്രസിഡന്റ് ഉടമസ്ഥാവകാശ സാക്ഷ്യ പത്രം നൽകി. കെ.എസ്.ഇ.ബി അത് നിരസിച്ചു. കാരണമെന്ത്?

എ) സാക്ഷ്യ പത്രം നൽകുവാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിക്കാണ്

ബി) ഭൂനികുതി ഒടുക്കിയിട്ടില്ല

സി) പഞ്ചായത്ത് തീരുമാനം നൽകിയിട്ടില്ല

ഡി) വാർഡ് മെമ്പറുടെ ശുപാർശ ലഭിച്ചിട്ടില്ല

29. ഗ്രാമ-ബ്ലോക്ക്-ജില്ല തലങ്ങളിലായി ത്രിതല പഞ്ചായത്ത് സംവിധാനം വേണമെന്ന് നിർദ്ദേശിച്ചത് ഏത് കമ്മിറ്റിയാണ്?

എ) അശോക് മേത്ത കമ്മിറ്റി ബി) സിംഘ്വി കമ്മിറ്റി

സി) ബൽവന്തറായ് മേത്ത കമ്മിറ്റി ഡി) തുംഗോൺ കമ്മിറ്റി

30. നീർചോല ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ചേർന്ന ഗ്രാമസഭയിൽ വീട് പുനരുദ്ധാരണ പദ്ധതിയുടെ കരട് ഗുണഭോക്തൃ ലിസ്റ്റിൽ അഭിപ്രായം പറഞ്ഞ സുഗുണനെ യോഗം നടക്കുന്ന ഹാളിൽ നിന്ന് ഗ്രാമസഭാ അദ്ധ്യക്ഷൻ പുറത്താക്കി. എന്നാൽ താഴെപ്പറയുന്ന കാരണങ്ങളാൽ തനിക്ക് ഈ ഗ്രാമസഭയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടെന്ന് സുഗുണൻ വാദിച്ചു. സുഗുണന്റെ ഏത് വാദമാണ് ശരിയായിട്ടുള്ളത് ?

എ) താൻ ആറാം വാർഡിലെ വോട്ടറാണ്

ബി) താൻ കെട്ടിടനികുതി ഒടുക്കിയിട്ടുണ്ട്.

സി) താൻ വിരമിച്ച പഞ്ചായത്ത് സെക്രട്ടറിയാണ്

ഡി) താൻ ഗ്രാമസഭായോഗത്തിൽ അനുചിതമായി പെരുമാറിയിട്ടില്ല.

31. കാറ്റാടിത്തറ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിന്റെ 2021-22 വർഷത്തെ ആദ്യത്തെ ഗ്രാമസഭായോഗത്തിൽ ബഷീർ എന്ന വ്യക്തി 2020-21 വർഷത്തെ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കാൻ ഗ്രാമസഭാധ്യക്ഷനോട് ആവശ്യപ്പെട്ടു. എന്നാൽ അത് ഈ യോഗത്തിൽ വെക്കേണ്ട രേഖയല്ലെന്ന് അദ്ദേഹം മറുപടി നൽകി. ഈ യോഗത്തിൽ നിർബന്ധമായും വെച്ചിരിക്കേണ്ട രേഖകൾ ഏതെല്ലാം ?

എ) മുൻവർഷത്തേയും തൻവർഷത്തേയും വികസന പരിപാടികളുടേയും അതിന്റെ ചെലവിനേയും സംബന്ധിച്ച റിപ്പോർട്ട്

ബി) മുൻവർഷത്തെ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ്

സി) ഭരണനിർവ്വഹണ റിപ്പോർട്ട്

ഡി) മുകളിൽ പറഞ്ഞവയെല്ലാം

32. സ്നേഹതീരം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ വോട്ടർ പട്ടികയിൽ 600 പേരുണ്ട്. 70 കുടുംബങ്ങളിലെ 103 വോട്ടർമാർ താമസിക്കുന്ന തീരപ്രദേശത്തെ കടലാക്രമണപ്രശ്നം ചർച്ച ചെയ്യാനും പരിഹാരം കാണാനുമായി മൂന്നാം വാർഡ് ഗ്രാമസഭ പ്രത്യേക യോഗം ചേരണമെന്ന് 90 വോട്ടർമാർ ഒപ്പിട്ട് രേഖാമൂലം ആവശ്യപ്പെട്ടു. ഈ തീരുമാനം ഗ്രാമസഭാ കൺവീനർ അംഗീകരിച്ചു. ഇതിനെ സാധൂകരിക്കുന്ന സാഹചര്യങ്ങൾ താഴെ കൊടുത്തവയിൽ ഏതാണ്?

എ) പ്രത്യേക യോഗം വിളിക്കാൻ 10 ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

ബി) അവസാനം ചേർന്ന സാധാരണയോഗത്തിനുശേഷം മറ്റൊരു പ്രത്യേക യോഗം ചേർന്നിട്ടില്ല.

സി) യോഗം പ്രത്യേക കാര്യപരിപാടി സഹിതമാണ് വിളിച്ച് ചേർക്കാൻ ആവശ്യപ്പെട്ടത്.

ഡി) മേൽ പറഞ്ഞ മൂന്ന് കാരണങ്ങളും ശരിയാണ്

33. 950 സമ്മതിദായകരുള്ള മയിലാടുംകുന്ന് ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ ഗ്രാമസഭ 21/02/2021 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കൂടുന്നതിന് തീരുമാനിച്ചെങ്കിലും, ക്വാറം തികയാത്തതിനാൽ മാറ്റിവെക്കേണ്ടിവന്നു. ക്വാറം തികയുന്നതിനായി വേണ്ടിയിരുന്ന സമ്മതിദായകരുടെ എണ്ണം എത്രയാണ്. ?

എ) 50 ബി) 95

സി) 190 ഡി) 100

34. പൂമലപുരം ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡ് ഗ്രാമസഭായോഗം നിശ്ചയിച്ച സമയത്ത് നടത്താൻ കഴിയാതെപോയി. ഇതിനുള്ള കാരണം താഴെ പറയുന്നവയിൽ ഏതായിരിക്കും ?

എ) യോഗം അവധി ദിവസമായിരുന്നു നിശ്ചയിച്ചിരുന്നത്

ബി) 10 ശതമാനം അംഗങ്ങൾ ഹാജരായിരുന്നില്ല

സി) യോഗവേദിയായി നിശ്ചയിച്ചിരുന്നത് സ്കൂൾ ആയിരുന്നു

ഡി) പ്രസിഡന്റ് ഹാജരായിരുന്നില്ല

35. അരുവിപ്പുറം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡ് ഗ്രാമസഭായോഗത്തിന്റെ മിനിട്സും തീരുമാനങ്ങളും രേഖപ്പെടുത്തുകയോ യോഗത്തിൽ വായിച്ച് കേൾക്കുകയോ ഉണ്ടായില്ല. ഇത് ആരുടെ കൃത്യവിലോപമാണ് ?

എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ബി) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

സി) ഗ്രാമസഭാ കോ- ഓർഡിനേറ്റർ

ഡി) ഗ്രാമസഭാ കൺവീനർ

36. കൈപ്പുറത്തുമേൽ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിന്റെ ഗ്രാമസഭായോഗത്തിൽ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അവതരിപ്പിക്കുകയും ചർച്ച ചെയ്ത് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അംഗീകരിക്കുകയുംചെയ്തു. എന്നാൽ ഈ ലിസ്റ്റിന്റെ മുൻഗണനയിൽ ഗ്രാമപഞ്ചായത്ത് വരുത്തിയ മാറ്റങ്ങളിൽ സെക്രട്ടറി വിയോജിച്ചു. കാരണമെന്ത് ?

എ) ഗ്രാമസഭ അംഗീകരിച്ച മുൻഗണന ലിസ്റ്റിൽ ഭേദഗതി വരുത്തുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമില്ല.

ബി) ഗ്രാമസഭ അംഗീകരിച്ച മുൻഗണന ലിസ്റ്റിൽ ഭേദഗതി വരുത്തണമെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി വേണം.

സി) വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല.

ഡി) വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി വേണം

37. 2021 മെയ് മാസം 15ന് ഗ്രാമസഭ വിളിച്ച് ചേർത്ത ശേഷം പിന്നീട് ഗ്രാമസഭ കൂടാത്തതിനാൽ ഗ്രാമപഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഒരു വോട്ടർ 2022 ഫെബ്രുവരി മാസം 28ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചു. ആ വോട്ടറുടെ ഹർജി ചുവടെ പറയുന്ന ഏത് കാരണത്താലായിരിക്കും സ്വീകരിക്കപ്പെടുക?

എ) ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി മൂന്നു തവണ വീഴ്ച വരുത്തി

ബി) ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ച വരുത്തി.

സി) ഗ്രാമ സഭയുടെ യോഗം നാലുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി മൂന്ന് തവണ വീഴ്ച വരുത്തി.

ഡി) ഗ്രാമസഭയുടെ യോഗം നാലുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ച വരുത്തി.

38. മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ജനസംഖ്യ എത്രയായിരിക്കണം ?

എ) അൻപതിനായിരത്തിൽ താഴെ

ബി) ഒരു ലക്ഷത്തിനുമുകളിൽ

സി) ഒന്നര ലക്ഷത്തിനുമുകളിൽ

ഡി) രണ്ട് ലക്ഷത്തിനുമുകളിൽ

39. പട്ടികവർഗ്ഗത്തിന് പ്രത്യേക വിഹിതം (ടി എസ് പി വിഹിതം) ലഭിക്കുന്ന ചേലൂർ ഗ്രാമപഞ്ചായത്തിൽ ചേരുന്ന ഊരുകൂട്ടയോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് ചുവടെ പറയുന്നവരിൽ ആരാണ്?

എ) ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ

ബി) എസ്.റ്റി പ്രൊമോട്ടർ

സി) ഊരുമൂപ്പൻ

ഡി) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

40. ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം എന്താണ് ?

എ) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വത്തിന്

ബി) അഴിമതി തടയുന്നതിന്

സി) സേവനങ്ങൾ വളരെ വേഗം നൽകുന്നതിന്

ഡി) വനിതാ സംരംഭക ഗ്രൂപ്പിന് സഹായം നൽകുന്നതിന്

41. ചുവടെ പറയുന്നവയിൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട സംവിധാനം

എ) ഇ.ആർ. റ്റി

ബി) ഹരിതസേന

സി) ഹരിതകർമ്മസേന

ഡി) വാർഡ് വികസന സമിതി

42. പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ?

എ) സകർമ്മ ബി) സുലേഖ

സി) സേവന ഡി) സങ്കേതം

43. തട്ടുമ്മൽ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ രാഘവേട്ടന് ആ പഞ്ചായത്തിലെ തോടുകളേയും കുളങ്ങളെയും കുറിച്ചും വയലുകളുടെ പ്രത്യേകതകളെക്കുറിച്ചും അവിടുത്തെ പ്രാദേശിക കൃഷിരീതികളും മനപാഠമാണ്. ഇങ്ങനെ സവിശേഷമായ അറിവുകളുള്ള ധാരാളം പേർ ആ പഞ്ചായത്തിൽ ഉണ്ട്. ഇവരുടെ സഹായത്തോടെയാണ് ഉദ്യോഗസ്ഥർ ഈ പഞ്ചായത്തിനേയും അവി

ട്ടത്തെ വികസനാവശ്യങ്ങളേയും വികസന തന്ത്രങ്ങളേയും മനസിലാക്കുന്നത്. ഇത്തരത്തിലുള്ള വിവിധ ഗ്രൂപ്പുകൾ നിങ്ങളുടെ പഞ്ചായത്തിലും കാണുമല്ലോ ? ആ ഗ്രൂപ്പുകൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?

എ) വർക്കിംഗ് ഗ്രൂപ്പുകൾ ബി) വാർഡ് തല റിസോഴ്സ് ഗ്രൂപ്പുകൾ
സി) ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾ ഡി) ഇവയൊന്നുമല്ല.

44. പഞ്ചായത്തുകളിലെ വിവരസാങ്കേതിക വിദ്യയ്ക്ക് നേതൃത്വം നൽകുന്ന ഏജൻസി ഏതാണ് ?

എ) എൻ .ഐ. സി ബി) ഐ. കെ .എം
സി) സി-ഡിറ്റ് ഡി) ഇവയൊന്നുമല്ല

45. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകൃതമായത് എന്ന് ?

എ) 2010 ബി) 2012
സി) 2014 ഡി) 2016

46. സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിൽ പ്രാദേശിക സർക്കാരുടെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും മതിയായ പരിഗണന ലഭിക്കാനുതകുന്ന സംവിധാനം ചുവടെ പറയുന്നതിൽ ഏതാണ് ?

എ) സംസ്ഥാന വികസന കൗൺസിൽ
ബി) സംസ്ഥാന ആസൂത്രണ ബോർഡ്
സി) ജില്ലാ ആസൂത്രണ സമിതി
ഡി) ഇവയൊന്നുമല്ല.

47. അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണവും ശക്തിപ്പെടുത്തുക എന്ന മുഖ്യലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരളത്തിലെ ഒരു പരിശീലന സ്ഥാപനം?

എ) കില (KILA) ബി) കിലെ (KILE)
സി) ഐ. കെ.എം (IKM) ഡി) ഐ.എം.ജി (IMG)

48. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാന തല സംഘടന ഏതാണ്?

എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ
ബി) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സി) കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
ഡി) ഇവയൊന്നുമല്ല

49. 1978ൽ അശോക് മേത്ത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ പ്രധാനമായും ഊന്നൽ നൽകിയത് :

എ) ദാരിദ്ര്യ നിർമ്മാർജ്ജനം
ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

സി) കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുക

ഡി) ഇവയെല്ലാം

50. ഗ്രാമസഭകൾ പ്രത്യക്ഷ ജനാധിപത്യത്തിന്റെ സാക്ഷാത്കാരം ആയിരിക്കണമെന്ന് നിർദ്ദേശിച്ചത് ഏത് കമ്മിറ്റിയാണ്?

എ) പി.കെ. തുംഗോൺ കമ്മിറ്റി

ബി) ജി.വി.കെ റാവു കമ്മിറ്റി

സി) എൽ.എം. സിങ്വി കമ്മിറ്റി

ഡി) ഇവയൊന്നുമല്ല

51. എൽ.എം. സിങ്‌വി കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ ഇവയിൽ ഏതാണ്?

1. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സ്വയംഭരണാധികാര സ്ഥാപനങ്ങളായിരിക്കണം.
2. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി വേണം.
3. പഞ്ചായത്ത് ജുഡീഷ്യൽ കമ്മീഷൻ വേണം.
4. ഇവയെല്ലാം

52. വികസന പ്രവർത്തനങ്ങൾ ബ്യൂറോക്രസിയുടെ പിടിമുറുക്കത്തിലാണെന്നും അവ ജനങ്ങളിൽനിന്ന് അകന്നുപോകുകയാണെന്നും ജി.വി.കെ റാവു കമ്മിറ്റി കണ്ടെത്തി. ഇതിന്റെ പരിഹാരത്തിനായി മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ഏതാണ്?

1. ജില്ലയെ ആസൂത്രണത്തിന്റെ അടിസ്ഥാന യൂണിറ്റായി കാണണം
2. ജില്ലാ പരിഷത്തിനെ ശാക്തീകരിക്കണം
3. പദ്ധതി ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കണം.

എ) 1 മാത്രം
ബി) 2, 3 മാത്രം
സി) 1, 3 മാത്രം
ഡി) ഇവയെല്ലാം

53. കേരളത്തിലെ അധികാര വികേന്ദ്രീകരണ കമ്മിറ്റി എന്നറിയപ്പെടുന്ന കമ്മിറ്റി ഏതാണ്?

എ) ഭരണ പരിഷ്കാര കമ്മീഷൻ
ബി) സെൻ കമ്മിറ്റി
സി) ലോക്കൽ ഗവ. കമ്മീഷൻ
ഡി) ഡോ.എം.എ. ഉമ്മൻ കമ്മിറ്റി

54. സെൻ കമ്മിറ്റിയുടെ ഏതൊക്കെ നിർദ്ദേശങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചത്?

1. സ്വയംഭരണാധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
2. കീഴതല മുൻഗണന
3. ചുമതല വിഭജനം

4. ജനപങ്കാളിത്തം

5. സുതാര്യത

എ) 1, 2, 3 മാത്രം ബി) 1, 4 മാത്രം

സി) 1, 5 മാത്രം ഡി) ഇവയെല്ലാം

55. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ 2 തട്ടുകളായി ജില്ലാതലത്തിൽ ജില്ലാ പരിഷത്തും ബ്ലോക്ക് തലത്തിൽ മണ്ഡൽ പഞ്ചായത്തും എന്ന് വിഭാവനചെയ്ത കമ്മിറ്റി ഏതാണ് ?

എ) അശോക് മേത്ത കമ്മിറ്റി

ബി) ജി.വി.കെ. റാവു കമ്മിറ്റി

സി) പി.കെ. തുംഗോൺ കമ്മിറ്റി

ഡി) ബൽവന്ത് റായ് മേത്ത കമ്മിറ്റി

56. ഒന്നാം ഭരണപരിഷ്കാര കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ ഏതായിരുന്നു?

1. ഗ്രാമപഞ്ചായത്തുകൾക്ക് ഭരണപരവും ധനപരവുമായ അധികാരം നൽകണം.

2. പഞ്ചായത്ത് - മുനിസിപ്പൽ പ്രവർത്തനം ഏകോപനത്തിനായി താലൂക്ക് കൗൺസിലും ഉപദേശം നൽകുന്നതിനായി ജില്ലാ കൗൺസിലും

3. റവന്യൂ ജീവനക്കാരെ പഞ്ചായത്തുമായി സംയോജിപ്പിക്കണം

എ) 1, 3 മാത്രം ബി) 1, 2 മാത്രം

സി) 2, 3 മാത്രം ഡി) ഇവയെല്ലാം

57. വിജിലൻസ് സംവിധാനം - പരിഷ്കരണം സംബന്ധിച്ച നിർദ്ദേശം സമർപ്പിച്ച ഭരണ പരിഷ്കാര കമ്മീഷൻ ?

എ) ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ

ബി) രണ്ടാം ഭരണ പരിഷ്കാര കമ്മീഷൻ

സി) മൂന്നാം ഭരണ പരിഷ്കാര കമ്മീഷൻ

ഡി) നാലാം ഭരണ പരിഷ്കാര കമ്മീഷൻ

58. ഗവ. പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ്. അവയ്ക്കാവശ്യമായ വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ട ചുമതല

എ) ഗ്രാമ പഞ്ചായത്തിനാണ് ബി) ബ്ലോക്ക് പഞ്ചായത്തിനാണ്

സി) ജില്ലാ പഞ്ചായത്തിനാണ് ഡി) ജില്ലാ ആസൂത്രണ സമിതിക്കാണ്

59. ബ്രിട്ടീഷുകാർ 1688ൽ സ്ഥാപിച്ച ആദ്യത്തെ പ്രാദേശിക ഭരണ അതോറിറ്റി

എ) ബോംബെ മുനിസിപ്പാലിറ്റി ബി) മദ്രാസ് മുനിസിപ്പൽ കോർപ്പേറേഷൻ

സി) കൽക്കട്ട മുനിസിപ്പാലിറ്റി ഡി) ഡൽഹി മുനിസിപ്പാലിറ്റി

60. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ അടിത്തറ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സർക്കാരിന്റെ വരുമാനത്തിൽനിന്നും അവർക്ക് നൽകേണ്ട വിഹിതം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും സംസ്ഥാന ധനകാര്യ കമ്മീഷനാണ്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ളത് എത്രാമത്തെ സംസ്ഥാന ധനകാര്യ കമ്മീഷനാണ് ?

എ) ഒൻപതാം സംസ്ഥാന ധനകാര്യ കമ്മീഷൻ

ബി) എട്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ

സി) ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ

ഡി) ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ

61. ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ചുവടെ പറയുന്നതിൽ ഏത് മാർഗ്ഗം സ്വീകരിക്കാം ?

എ) വ്യാപകമായ മൈക്ക് അനൗൺസ് മെന്റ്

ബി) വീട്ടുവീടാന്തരം നോട്ടീസ് നൽകൽ

സി) സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം

ഡി) മുകളിൽ പറഞ്ഞവയെല്ലാം

62. ചുവടെ പറയുന്നവയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തത് ?

എ) കുടിവെള്ള വിതരണം

ബി) സാമൂഹിക സ്വത്തുക്കളുടെ വിതരണം

സി) മൃഗസംരക്ഷണം, ക്ഷീരവികസനം

ഡി) ദേശീയപാതകൾ അറ്റകുറ്റപ്പണി ചെയ്യുക

63. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ യഥാക്രമം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്ന്, നാല്, അഞ്ച് പട്ടികകളിലാണ് പ്രതിപാദിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ ചുമതലകൾ 1994 ലെ മുനിസിപ്പാലിറ്റി നിയമത്തിലെ ഏത് പട്ടികയിലാണ് പ്രതിപാദിച്ചിട്ടുള്ളത് ?

എ) ഒന്നാം പട്ടിക

ബി) രണ്ടാം പട്ടിക

സി) മൂന്നാം പട്ടിക

ഡി) ഇവയൊന്നുമല്ല

64. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക ഒന്നിൽ 27 അനിവാര്യ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്തുകൾക്ക് എത്ര ചുമതലകളാണ് നൽകിയിട്ടുള്ളത്

എ) 27 ബി) 29

സി) 31 ഡി) 32

65. പഞ്ചായത്തിന്റെ കാര്യ നിർവ്വഹണ അധികാരി ചുവടെ പറയുന്നതിൽ ആരാണ്?

എ) സെക്രട്ടറി　　ബി) പ്രസിഡന്റ്

സി) സെക്രട്ടറിയും പ്രസിഡന്റും　　ഡി) ഇവരിൽ ആരുമല്ല

66. സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 ലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറുന്ന പദ്ധതിവിഹിതത്തിന്റെ കണക്ക് പറയുന്നത്. ഇപ്രകാരം കൈ മാറുന്ന തുക സംസ്ഥാന പദ്ധതിവിഹിതത്തിന്റെ ഉദ്ദേശം എത്ര തുകയോളം വരും?

എ) മൂന്നിലൊന്ന്　　ബി) രണ്ടിലൊന്ന്

സി) മുഴുവൻ തുകയും　　ഡി) തുകയൊന്നും നൽകുന്നില്ല

67. കേരളത്തിന്റെ ആദ്യത്തെ ഭരണ പരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ ആരായിരുന്നു?

എ) വി.എസ്. അച്യുതാനന്ദൻ　　ബി) ഇ.എം.എസ് നമ്പൂതിരിപ്പാട്

സി) ഇ.കെ. നായനാർ　　ഡി) ഇവരാരുമല്ല

68. ജർമ്മൻ സാമൂഹിക ചിന്തകനായ മാക്സ് വെബ്ബർ ചുവടെ പറയുന്ന ഏത് ഭരണ ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു

എ) ബ്യൂറോക്രസി　　ബി) പട്ടാളഭരണം

സി) രാജവാഴ്ച　　ഡി) ജനാധിപത്യം

69. ബ്രിട്ടീഷ് ഭരണകാലത്ത് തദ്ദേശഭരണവുമായി ബന്ധപ്പെട്ടുണ്ടായ ഒരു പ്രഖ്യാപനമാണ് 'ഗവൺമെന്റ് ഓഫ് ഇന്ത്യ റസല്യൂഷൻ'. ഇത് പുറപ്പെടുവിച്ച വർഷം ഏതാണ് ?

എ) 1919　　ബി) 1915

സി) 1907　　ഡി) 1935

70. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിപ്പിക്കുന്ന ഭരണഘടനാ അനുഛേദം ചുവടെ വിവരിക്കുന്നതിൽ ഏതാണ് ?

എ) 40　　ബി) 73, 74

സി) 53　　ഡി) 243

71. ചുവടെ പറയുന്നതിൽ മൗലീക അവകാശങ്ങളിൽ പെടാത്തത് ഏത് ?

എ) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

ബി) സ്വാതന്ത്ര്യത്തിനുള്ള അവകാശം

സി) മത സ്വാതന്ത്ര്യത്തിനുള്ള അവകാശം

ഡി) സ്വത്തിന്മേലുള്ള അവകാശം

72. പഞ്ചായത്ത് ദിനമായി കേരളം ആഘോഷിക്കുന്നത് ഫെബ്രുവരി 19 ആണ്. ദേശീയതലത്തിൽ പഞ്ചായത്ത് ദിനമായി ആഘോഷിക്കുന്നത് എന്നാണ് ?

എ) ഫെബ്രുവരി 19
ബി) ഏപ്രിൽ 23
സി) ഏപ്രിൽ 24
ഡി) ഫെബ്രുവരി 18

73. സംഘകാല കൃതികളിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രാമഭരണ വ്യവസ്ഥ

എ) പഞ്ച സമിതി
ബി) ഗ്രാമക്കൂട്ടങ്ങൾ
സി) വാർഡ് സഭകൾ
ഡി) തറക്കൂട്ടങ്ങൾ

74. ചുവടെ പറയുന്നവയിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ട നികുതി ഏതാണ് ?

എ) കെട്ടിട നികുതി
ബി) ജി.എസ്.ടി
(സി) വസ്തു നികുതി
ഡി) ഭൂനികുതി

75. മെട്രോപോളിറ്റൻ ആസൂത്രണ സമിതിയുടെ പ്രദേശം

(എ) കൊച്ചി
ബി) തിരുവനന്തപുരം
സി) മലപ്പുറം
ഡി) അത്തരത്തിലുള്ള പ്രദേശം കേരളത്തിൽ ഇല്ല

76. കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ച വർഷം

എ) 2000
ബി) 1995
സി) 1998
ഡി) 1996

77. ശാന്തിനഗർ വാർഡിലെ ഗ്രാമസഭാ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുമെന്ന് പറഞ്ഞിരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് യോഗത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ല. വാർഡിലെ വോട്ടറായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷ ചുമതലയേറ്റപ്പോൾ ഗ്രാമസഭാ കൺവീനറായ വാർഡ് മെമ്പറുടെ എതിർപ്പ് ചുവടെ പറയുന്ന ഏത് കാരണത്താൽ ന്യായീകരിക്കാം ?

എ) ഗ്രാമസഭയുടെ അദ്ധ്യക്ഷതവഹിക്കേണ്ടത് മെമ്പറുടെ കക്ഷിയിൽപ്പെട്ട ആളായിരിക്കണം
ബി) പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അഭാവത്തിൽ ഗ്രാമസഭയുടെ അദ്ധ്യക്ഷത വഹിക്കേണ്ടത് ഗ്രാമസഭാ കൺവീനർ ആണ്
സി) ഗ്രാമസഭാ യോഗത്തിന് എത്തിയിട്ടുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആണ്
ഡി) ഈ കാരണങ്ങളൊന്നുമല്ല

78. ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് സൂക്ഷിക്കേണ്ട ചുമതല ആർക്കാണ് ?

എ) വാർഡ് മെമ്പർ ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

സി) ഗ്രാമസഭാ കോർഡിനേറ്റർ ഡി) ഇവരിൽ ആരുമല്ല

79. അയൽക്കൂട്ടങ്ങൾ ചുവടെ പറയുന്ന ഏത് സംവിധാനവുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു

എ) പഞ്ചായത്ത് ബി) കുടുംബശ്രീ

സി) വാർഡ് സഭകൾ ഡി) ജാഗ്രത സമിതി

80. മണക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ ഒരു അംഗം അംഗത്വം രാജിവെച്ചപ്പോൾ ആ വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ഒഴിവുള്ള സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടത്തിത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് അധികാരമില്ലെന്ന് പറഞ്ഞ് അവർ ആ കത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് തിരികെ അയച്ചു. ചുവടെ പറയുന്നതിൽ ആരെയായിരുന്നു അംഗത്തിന്റെ രാജി അറിയിക്കേണ്ടിയിരുന്നത്?

എ) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ബി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ

സി) റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ

ഡി) ഇവരിൽ ആരെയുമല്ല

81. മീനടത്തുകാവ് ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റിനെതിരെ അവതരിപ്പിച്ച അവിശ്വാസ പ്രമേയം പാസ്സായില്ല. ഇനി ഏത് കാലാവധിക്ക് ശേഷമാണ് പ്രസിഡന്റിനെതിരെ വീണ്ടും അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ കഴിയുന്നത് ?

എ) മൂന്ന് മാസം ബി) ആറ് മാസം

സി) ഒരു മാസം ഡി) ഇവയിലൊന്നുമല്ല

82. പഞ്ചായത്ത് അംഗങ്ങൾക്കെതിരെ അഴിമതിയും ദുർഭരണവും ആരോപിച്ചിട്ടുള്ള പരാതിയിൽ അന്വേഷണം നടത്തുന്നതിനുള്ള ചുമതല

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിനാണ്

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ് മാനാണ്

സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ്

ഡി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്

83. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ച കമ്മീഷൻ

എ) ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ

ബി) രണ്ടാം ഭരണ പരിഷ്കാര കമ്മീഷൻ

സി) മൂന്നാം ഭരണ പരിഷ്കാര കമ്മീഷൻ

ഡി) നാലാം ഭരണ പരിഷ്കാര കമ്മീഷൻ

84. 'എ ഡിക്കേഡ് ഓഫ് ഡീസെൻട്രലൈസേഷൻ ഇൻ കേരള' എന്ന കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തെക്കുറിച്ചുള്ള പഠനം അടങ്ങിയ പുസ്തകത്തിന്റെ കർത്താവ് ?

എ) ഡോ. എം.എ ഉമ്മൻ

ബി) ഡോ. ടി.എം.തോമസ് ഐസക്ക്

സി) ഇ.എം.എസ് നമ്പൂതിരിപ്പാട്

ഡി) സുബ്രതോ സെൻ

85. ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റുമാർ അംഗമായിട്ടുള്ള സമിതി

എ) ജില്ലാ പഞ്ചായത്ത്

ബി) ബ്ലോക്ക് പഞ്ചായത്ത്

സി) ജില്ലാ ആസൂത്രണ സമിതി

ഡി) കോ ഓർഡിനേഷൻ കമ്മിറ്റി

86. ചുവടെ പറയുന്നതിൽ ഏത് കമ്മിറ്റിയാണ് 1978 ആഗസ്റ്റ് മാസം 17-ാം തീയതി റിപ്പോർട്ട് സമർപ്പിച്ചത് ?

എ) പി.കെ. തുംഗോൺ കമ്മിറ്റി ബി) ബൽവന്ത റായ് മേത്ത കമ്മിറ്റി

സി) അശോക് മേത്ത കമ്മിറ്റി ഡി) ജി.വി.കെ. റാവു കമ്മിറ്റി

87. ശ്രീനികേതൻ ചുവടെ പറയുന്നതിൽ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?

എ) എഫ്. എൽ. ബ്രയിൽ ബി) എസ്.കെ. ഡെ

സി) രവീന്ദ്രനാഥ ടാഗോർ ഡി) ഗാന്ധിജി

88. ഗുർഗോൺ സംരംഭവുമായി ബന്ധപ്പെട്ട വ്യക്തി ആര് ?

എ) എഫ്. എൽ. ബ്രയിൽ ബി) എസ്.കെ. ഡെ

സി) രവീന്ദ്രനാഥ ടാഗോർ ഡി) ഗാന്ധിജി

89. സേവാഗ്രാമം രൂപം കൊടുത്തതാര് ?

എ) എഫ്. എൽ. ബ്രയിൽ ബി) രവീന്ദ്രനാഥ ടാഗോർ

സി) എസ്.കെ. ഡെ ഡി) ഗാന്ധിജി

90. ഇറ്റാവാ പ്രോജക്റ്റിന് നേതൃത്വം നൽകിയത് ആര് ?

എ) ഗാന്ധിജി ബി) എസ്.കെ. ഡെ

സി) രവീന്ദ്രനാഥ ടാഗോർ ഡി) എഫ്. എൽ. ബ്രയിൽ

91. 'കേരള എ സ്റ്റഡി ഓഫ് ക്ലാസിക്കൽ ഡെമോക്രാറ്റിക്' ഡീസെൻട്രലൈസേഷൻ (2009) എന്ന പുസ്തകത്തിന്റെ കർത്താവ് ആര് ?

എ) തോമസ് ഐസക് ബി) എം.എ. ഉമ്മൻ

സി) എസ്.എം വിജയാനന്ദ് ഡി) റിച്ചാർഡ് ഫ്രാങ്കി

92. കേരളത്തിൽ അവസാനമായി രൂപീകരിച്ച ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാൻ ആരായിരുന്നു ?

എ) ഇ.കെ.നായനാർ ബി) എ.കെ. വെള്ളോടി

സി) വി.എസ്. അച്യുതാനന്ദൻ ഡി) ഇ.എം.എസ്. നമ്പൂതിരിപ്പാട്

93. ഇന്ത്യയിൽ ഒന്നാം പഞ്ചവൽസര പദ്ധതി ആരംഭിച്ച വർഷം ?

എ) 1950 ബി) 1951

സി) 1952 ഡി) 1953

94. നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് (NES) ചുവടെ പറയുന്നതിൽ ഏത് സംവിധാനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

എ) ഗ്രാമപഞ്ചായത്തുകൾ

ബി) ജില്ലാ പഞ്ചായത്തുകൾ

സി) ബ്ലോക്ക് പഞ്ചായത്തുകൾ

ഡി) വില്ലേജ് ഓഫീസുകൾ

95. അടിയന്തര പ്രതികരണ ടീം (Emergency Response Team – ERT) ചുവടെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

എ) ദുരന്ത നിവാരണം ബി) മാലിന്യ നിർമ്മാർജ്ജനം

സി) ആസ്തി സംരക്ഷണം ഡി) നികുതി പിരിവ്

96. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ പേര്?

എ) അഹമ്മദ് കുരിക്കൾ സ്മാരക മന്ദിരം

ബി) ഇ.എം.എസ് സ്മാരക മന്ദിരം

സി) സ്വരാജ് ഭവൻ

ഡി) ഇവയൊന്നുമല്ല

97. തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ നടപടിക്രമങ്ങൾ 'സചിത്ര'യിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യോഗത്തെ അറിയിച്ചു. പ്രസിഡന്റിന്റെ ഈ പ്രസ്താവന ഒരംഗം യോഗത്തിൽ ചുവടെ പറയും പ്രകാരം ശരിയായി തിരുത്തുകയുണ്ടായി. അത് ഏതായിരിക്കും?

എ) യോഗ നടപടികൾ 'സുലേഖ'യിലാണ് രേഖപ്പെടുത്തുന്നത്

ബി) യോഗ നടപടികൾ 'സകർമ്മ'യിലാണ് രേഖപ്പെടുത്തുന്നത്

സി) യോഗ നടപടികൾ 'സാംഖ്യ'യിലാണ് രേഖപ്പെടുത്തുന്നത്

ഡി) യോഗ നടപടികൾ 'സഞ്ചയ'യിലാണ് രേഖപ്പെടുത്തുന്നത്

98. 'കില'യുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നത് എവിടെ ?

എ) മുളങ്കുന്നത്തുകാവ്

ബി) കൊട്ടാരക്കര

സി) അട്ടപ്പാടി

ഡി) തളിപ്പറമ്പ്

99. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ ഘടക സ്ഥാപനങ്ങൾക്കും അന്താരാഷ്ട്ര ഗുണമേന്മ സർട്ടിഫിക്കറ്റ് (ഐ.എസ്.ഒ) നേടിയെടുക്കുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനം

എ) കില (KILA)

ബി) കിലെ (KILE)

സി) എൻ.ഐ.സി (NIC)

ഡി) ഇൻഫർമേഷൻ കേരള മിഷൻ (IKM)

100. സംസ്ഥാന വികസന കൗൺസിലിന്റെ ചെയർമാൻ

എ) ഗവർണർ

ബി) മുഖ്യമന്ത്രി

സി) ചീഫ് സെക്രട്ടറി

ഡി) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ

***********

## കോഴ്സ് – 02

# പ്രാദേശിക ധനകാര്യവും സാമ്പത്തിക വികസനവും

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം 1,50,000 രൂപയ്ക്ക് മുകളിൽ അർദ്ധവാർഷിക വരുമാനമുള്ളയാൾ എത്ര രൂപ തൊഴിൽ നികുതി ഒടുക്കണം ?

   എ) 750 രൂപ ബി) 1,000 രൂപ
   
   സി) 1,250 രൂപ ഡി) 900 രൂപ

2. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) നേരിടുന്നതിനായി താഴെ പറയുന്ന ഏത് കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് ഉപയോഗിക്കാം?

   എ) ട്രൈബൽ ഹെൽത്ത് പ്രോഗ്രാം
   
   ബി) ദേശീയ ആരോഗ്യ ദൗത്യം
   
   സി) ജനനി സുരക്ഷാ പദ്ധതി
   
   ഡി) ഇവയൊന്നുമല്ല

3. പദ്ധതി നിർദ്ദേശങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത് ആര് ?

   എ) ഭരണ സമിതി ബി) വർക്കിംഗ് ഗ്രൂപ്പ്
   
   സി) വികസന സെമിനാർ ഡി) ഗ്രാമസഭ

4. വീട്, ശുദ്ധജലം, ഭക്ഷണം, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിൽസ എന്നീ സൗകര്യങ്ങളുടെ കാര്യമായ കുറവ് നേരിടുന്ന ഏതാനും കുടുംബങ്ങളെ താങ്കളുടെ ഗ്രാമപഞ്ചായത്ത് കണ്ടെത്തി. നിലവിലുള്ള ഏത് പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്താം?

   എ) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി
   
   ബി) അഗതിരഹിത കേരളം പദ്ധതി
   
   സി) ലൈഫ് പദ്ധതി
   
   ഡി) ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം

5. 'യുവശ്രീ' പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ വായ്പയ്ക്ക് അർഹതയ്ക്കുള്ള പ്രായ പരിധി എത്ര ?

   എ) 18-45 ബി) 18-50
   
   സി) 18-60 ഡി) 20-60

6. മഹാത്മാ ഗാന്ധി NREGS പദ്ധതിയിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് തയ്യാറാക്കി അംഗീകരിക്കപ്പെട്ട ഒരു പ്രൊജക്ട് തള്ളിക്കളയാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചപ്പോൾ അത് നിയമപരമായി സാധ്യമല്ല എന്ന നിലപാട് പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചു. അതിന്റെ കാരണം താഴെ പറയുന്നവയിൽ ഏത്?

എ) ദേശീയ പദ്ധതി മാനദണ്ഡ പ്രകാരം തയ്യാറാക്കിയത്

ബി) ഗ്രാമസഭ അംഗീകരിച്ചത്

സി) മഹാത്മാ ഗാന്ധി NREGS ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമനുസരിച്ച് നിലവിൽ വന്നതാണ്.

ഡി) ജില്ലാ പഞ്ചായത്ത് അംഗീകരിച്ചത്

7. പഞ്ചായത്ത്/മുനിസിപ്പാലിറ്റി ബജറ്റ് പാസ്സാക്കേണ്ടത് എപ്പോൾ ?

എ) ജനുവരി 15ന് മുൻപ് ബി) ഏപ്രിൽ 1ന് മുൻപ്

സി) ഫെബ്രുവരി 28 ന് മുൻപ് ഡി) മാർച്ച് 31ന് മുൻപ്

8. കളർകോട് ഗ്രാമപഞ്ചായത്ത് അതിന്റെ പദ്ധതി വിഹിതത്തിൽനിന്നും 5% മാത്രം വരുന്ന തുക സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രൊജക്റ്റായി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി. ഇത് നിയമപരമല്ലെന്ന് പഞ്ചായത്തംഗം ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ എതിർപ്പിന്റെ അടിസ്ഥാനം എന്ത്?

എ) സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുന്നില്ല

ബി) കൂടുതൽ തുക വകയിരുത്തേണ്ടതുണ്ട്

സി) സ്ത്രീകൾക്ക് മാത്രം നേരിട്ട് ഗുണം ലഭിക്കുന്നില്ല

ബി) ലിംഗപരമായ അവശത പരിഹരിക്കുന്നില്ല

9. ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ വിഭാഗക്കാർക്കായി നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതി താഴെ പറയുന്നവയിൽ ഏതാണ്?

എ) ടെലിവിഷൻ വിതരണം

ബി) പുതിയ റോഡ് നിർമ്മാണം

സി) പൊതുമാർക്കറ്റ് നവീകരണം

ഡി) 120 ച. അടിയിൽ അധികരിക്കാത്ത ഒരു പഠനമുറി നിർമ്മാണം

10. നിങ്ങളുടെ ഗ്രാമപഞ്ചായത്തിന് ഒരു ഗ്യാസ് ശ്മശാനം സ്ഥാപിക്കാൻ 50 ലക്ഷം രൂപ ആവശ്യമുണ്ട്. ഇതിനായി നിങ്ങൾക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാവുന്നത് താഴെ പറയുന്നവയിൽ ഏത് ഇനത്തിലെ ഫണ്ട്?

എ) KIIFB ഫണ്ട്

ബി) RIDF ഫണ്ട്

സി) റോഡ് മെയിന്റനൻസ് ഫണ്ട്

ഡി) റോഡിതര മെയിന്റനൻസ് ഫണ്ട്

11. വനിതാ ഘടകപദ്ധതിയിൽ താഴെ പറയുന്നവയിൽ ഏത് പ്രോജക്ടാണ് ഉൾപ്പെടുത്താൻ കഴിയാത്തത്?

എ) ജൻഡർ ഡസ്ക്

ബി) മെൻസ്ട്രൽ കപ്പ്

സി) സ്വയം തൊഴിൽ സബ്സിഡി

ഡി) ബസ് സ്റ്റോപ്പ് നിർമ്മാണം

12. പള്ളാത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഒരു കുടുംബശ്രീ യൂണിറ്റിന് "മാച്ചിംഗ് ഗ്രാന്റ്" ലഭിക്കുന്നില്ല എന്ന പരാതി ഉയർന്നപ്പോൾ ഗ്രേഡ് ചെയ്യാൻ സെക്രട്ടറി ആവശ്യപ്പെട്ടു. ഗ്രേഡ് ചെയ്യാൻ താഴെപ്പറയുന്നവയിൽ ഏത് മാനദണ്ഡമാണ് ബാധകം ?

എ) ബാങ്ക് വായ്പ ലഭിച്ചിരിക്കണം

ബി) പ്രവർത്തനം ആരംഭിച്ച് 3 മാസം കഴിയണം

സി) പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിയണം

ഡി) നിക്ഷേപം 1 ലക്ഷം രൂപ കവിയണം

13. അടിയന്തരമായി ചികിൽസാ സഹായം ആവശ്യമുള്ള ഒരു പട്ടികവർഗ്ഗ കുടുംബത്തിന് നേരിട്ട് ഗ്രാമപഞ്ചായത്തിനെയോ, പട്ടികവർഗ്ഗ വകുപ്പിനെയോ സമീപിക്കാൻ കഴിയുന്നില്ല. ഈ സന്ദർഭത്തിൽ അവരെ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കേണ്ടത് താഴെപ്പറയുന്നവരിൽ ആരാണ്?

എ) SC പ്രൊമോട്ടർ

ബി) ST പ്രൊമോട്ടർ

സി) ജനപ്രതിനിധി

ഡി) സാക്ഷരതാ പ്രേരക്

14. വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിന് താഴെ പറയുന്നവയിൽ ഏത് സാക്ഷ്യപത്രമാണ് ആവശ്യം ?

എ) 100 രൂപ ഫീസ് അടച്ച രസീത്

ബി) നായയുടെ നിറം സംബന്ധിച്ച സാക്ഷ്യപത്രം

സി) വെറ്ററിനറി സർജനിൽനിന്നുള്ള കുത്തിവെപ്പ് സാക്ഷ്യപത്രം

ഡി) നായയുടെ ഇനം കാണിക്കുന്ന സാക്ഷ്യപത്രം രസീത്

15. ചെറുവാരണം മുനിസിപ്പാലിറ്റിയിൽ സ്വകാര്യ ട്രസ്റ്റ് ഒരു ഓണം ട്രേഡ് ഫെയർ സംഘടിപ്പിച്ചു. ഇതിനെ തുടർന്ന് മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി ഒരു വലിയ തുക അധികമായി ചെലവഴിക്കേണ്ടിവന്നു. ഈ

തുക കണ്ടെത്താൻ നഗരസഭയ്ക്ക് സ്വീകരിക്കാവുന്ന ഏറ്റവും യുക്തമായ മാർഗ്ഗം ഏതാണ്?

എ) നോട്ടീസ് നൽകി സംഘാടകരിൽനിന്ന് ഈടാക്കാവുന്നതാണ്

ബി) നഗരസഭ സ്വയം കണ്ടെത്തുക

സി) സർക്കാർ ധനസഹായം ആവശ്യപ്പെടുക

ഡി) ഇവയൊന്നുമല്ല

16. നിങ്ങളുടെ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ "ജനനി-ശിശു സുരക്ഷാ പദ്ധതി" സംബന്ധിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി?

എ) അമ്മമാർക്ക് 50 ദിവസവും നവജാത ശിശുക്കൾക്ക് 30 ദിവസവും സൗജന്യ ചികിൽസ ലഭ്യമാക്കും

ബി) അമ്മമാർക്ക് 30 ദിവസവും നവജാത ശിശുക്കൾക്ക് 42 ദിവസവും സൗജന്യ ചികിൽസ ലഭ്യമാക്കും

സി) അമ്മമാർക്ക് 42 ദിവസവും നവജാതശിശുക്കൾക്ക് 30 ദിവസവും സൗജന്യ ചികിൽസ ലഭ്യമാക്കും.

ഡി) ഇവയൊന്നുമല്ല

17. തോട്ടമുക്ക് ഗ്രാമപഞ്ചായത്തിലെ മീന എന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന യുവതിക്ക് വിദേശത്ത് നഴ്സ് ആയി ജോലി കിട്ടിയതായി അറിയിപ്പ് ലഭിച്ചു. സാമ്പത്തിക പ്രയാസം നേരിടുന്ന ഇവരെ സഹായിക്കാൻ പഞ്ചായത്തിന് എന്തുചെയ്യാൻ സാധിക്കും?

എ) ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ 2 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കാം

ബി) ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ 1 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കാം

സി) ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ 5 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കാം

ഡി) ഇവയൊന്നുമല്ല

18. കുറവൻതോട് നഗരസഭയിൽ വാർഡ് സഭ വിളിച്ചുചേർക്കുന്നകാര്യം നഗരസഭാംഗം ചർച്ചചെയ്തപ്പോൾ അതിനു മുൻപായി 'മത്സ്യസഭ' വിളിച്ചുചേർക്കണമെന്ന് സെക്രട്ടറി നിർദ്ദേശിച്ചു. എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെങ്കിലാണ് മത്സ്യസഭ വിളിക്കേണ്ടത് ?

എ) ചുരുങ്ങിയത് 5 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർചെയ്തിരിക്കണം

ബി) ചുരുങ്ങിയത് 25 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർചെയ്തിരിക്കണം

സി) ചുരുങ്ങിയത് 10 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർചെയ്തിരിക്കണം

ഡി) ഇവയൊന്നുമല്ല

19. കഴിഞ്ഞ കൊല്ലം പ്രളയകാലത്ത് വാടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഉരുൾപൊട്ടൽ ഉണ്ടായതിനെ തുടർന്ന് അടിയന്തരമായി 2 ലക്ഷത്തോളം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടിവന്നു. ഈ ചെലവ് ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗം എന്ത്?

എ) ജില്ലാ ആസൂത്രണ സമിതിയിൽനിന്നും അനുവാദം വാങ്ങണം

ബി) സർക്കാരിൽനിന്നും അനുവാദം വാങ്ങണം

സി) ജില്ലാ കളക്ടറിൽനിന്നും അനുവാദം വാങ്ങണം

ഡി) തൊട്ടടുത്ത പഞ്ചായത്ത് യോഗത്തിൽ അംഗീകാരം വാങ്ങണം

20. പുത്തൻതുരുത്ത് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ ഭവന നിർമ്മാണ സഹായ ത്തിന് അപേക്ഷിച്ച ഒരാൾ PMAY പദ്ധതി പ്രകാരം അർഹനാണെന്ന് കണ്ടെത്തി. ഈ പദ്ധതിയിൽ കേന്ദ്രവിഹിതം എത്ര രൂപയാണ് ആ വ്യക്തിക്ക് ലഭിക്കുക?

എ) 1,20,000 രൂപ　　ബി) 72,000 രൂപ

സി) 1,50,000 രൂപ　　ഡി) 3,00,000 രൂപ

21. നിങ്ങളുടെ വാർഡിലെ ബാബു എന്ന യുവാവ് തെങ്ങിൽ കയറാതെ തേങ്ങയി ടാനുള്ള യന്ത്രം ഉണ്ടാക്കി. ഇതിന്റെ നിർമ്മാണത്തിനും വിപുലീകരണത്തിനും സഹായം അഭ്യർത്ഥിച്ച് പഞ്ചായത്തിനെ സമീപിച്ചാൽ ഏത് ഫണ്ട് ഉപയോ ഗപ്പെടുത്താം ?

എ) തനത് ഫണ്ട്　　ബി) ടെക്നോളജി ഫണ്ട്

സി) ഇന്നവേഷൻ ഫണ്ട്　　ഡി) MGNREGS ഫണ്ട്

22. വൈശ്യംഭാഗം ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ പുതിയ വീടുവെച്ച് താമസി ക്കുന്ന യൂസഫ് തന്റെ വീടിന് നികുതിയായി നിശ്ചയിച്ച 1500/- രൂപ അധിക മാണെന്ന് കാണിച്ച് 3 മാസങ്ങൾക്കുശേഷം ഒരു പരാതി നൽകി. കാലാവധി കഴിഞ്ഞതിനാൽ അപ്പീൽ പരിഗണിച്ചില്ല. അപ്പീൽ കാലാവധി എത്ര ?

എ) 30 ദിവസത്തിനകം　　ബി) 60 ദിവസത്തിനകം

സി) 45 ദിവസത്തിനകം　　ഡി) 3 മാസത്തിനകം

23. വികസന ഫണ്ടിൽനിന്നും ശമ്പളം, അലവൻസ് ഇവ നൽകാമോ ?

എ) ഗ്രാമസഭ അനുവദിച്ചാൽ നൽകാം

ബി) പാടില്ല

സി) പ്രോജക്ട് വെച്ച് നൽകാം

ഡി) പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചാൽ നൽകാം

24. കൈതവന നഗരസഭയിൽ നിലവിലുള്ള പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾ അവിടുത്തെ അസൗകര്യങ്ങൾ ഉടനടിയായി പരിഹരിക്കാൻ വേണ്ടി ഒരു പരാതി നൽകി. ഈ പ്രശ്നം പരിഹരിക്കാൻ നഗരസഭ എന്ത് നടപടി സ്വീകരിക്കും?

എ) പരാതി ബ്ലോക്ക് പഞ്ചായത്തിന് കൈമാറണം

ബി) പരാതി ജില്ലാ പഞ്ചായത്തിന് കൈമാറണം

സി) പരാതി ജില്ലാ കളക്ടറേറ്റിന് കൈമാറണം

ഡി) പരാതി പട്ടികജാതി വികസന വകുപ്പിന് കൈമാറണം

25. മാനാഞ്ചിറ ഗ്രാമ പഞ്ചായത്ത് ഭരണസമിതി ഉടൻ പ്രാബല്യത്തോടെ പിരിച്ചുവിട്ട് സർക്കാർ ഉത്തരവായി. താഴെപ്പറയുന്നവയിൽ എതാണ് അതിന് കാരണമാകുന്നത് ?

എ) പ്രോജക്ട് ഇല്ലാതെ ചെലവുചെയ്തു

ബി) മാർച്ച് 31 നകം ബജറ്റ് പാസ്സാക്കിയില്ല.

സി) സേവനങ്ങൾ സമയബന്ധിതമായി നൽകിയില്ല

ഡി) പഞ്ചായത്ത് യോഗം 2 മാസം കൂടിയില്ല

26. വട്ടയാൽ ഗ്രാമപഞ്ചായത്തിലേ 'സ്വയംവര' കല്യാണമണ്ഡപത്തിലെ ഒരു മുറിയിൽ മാത്രം എയർ കണ്ടീഷൻ സംവിധാനം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അടച്ചുവരുന്ന അടിസ്ഥാന തുകയിൽ 10% വർധന വരുത്തി. എന്നാൽ അപ്പീൽ നൽകിയതോടെ ഈ വർധനവ് റദ്ദാക്കി. എന്തായിരിക്കും കാരണം?

എ) സ്ഥാപന ഉടമ പഞ്ചായത്ത് അംഗമാണ്

ബി) സ്ഥാപനം വായ്പയെടുത്ത് പണിതതാണ്

സി) സെൻട്രലൈസ്ഡ് (കേന്ദ്രീകൃത) എയർ കണ്ടീഷൻ സംവിധാനം അല്ല

ഡി) ഇവയൊന്നുമല്ല

27. കൊച്ചി കോർപ്പറേഷനിൽ ഒരു വൻകിട ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനായി ഫണ്ട് ലഭിക്കുന്നതിന് കൊച്ചി കപ്പൽ നിർമ്മാണശാലയോട് അപേക്ഷിക്കാൻ കോർപ്പറേഷൻ യോഗം തീരുമാനിച്ചു. ഏതു തരം ഫണ്ടായിരിക്കും അവർക്ക് ഇതിനായി നൽകാനാകുക?

എ) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund)

ബി) സ്വച്ഛ് ഭാരത് മിഷൻ (SBM)

സി) പ്രധാനമന്ത്രി ആവാസ് യോജന (PMAY)

ഡി) ഇവയൊന്നുമല്ല

28. തേങ്ങാപ്പാറ പഞ്ചായത്തിൽ പതിനഞ്ചാം വാർഡിലെ ഒരു കെട്ടിടം അനുമതി ഇല്ലാതെ നിർമ്മിച്ച അനധികൃത നിർമ്മിതായാണെന്ന് കണ്ടെത്തി. തുടർന്ന്

കെട്ടിട ഉടമയുടെ അപേക്ഷ പരിഗണിച്ച് കെട്ടിടത്തിന് നമ്പർ നൽകി സാധാരണ നിരക്കിൽ നികുതി ഈടാക്കി. ഈ തീരുമാനത്തിൽ ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചു. കാരണമെന്ത്?

എ) വസ്തു നികുതിയുടെ 3 ഇരട്ടി ചുമത്തിയില്ല

ബി) വസ്തു നികുതിയും നാലിരട്ടിയും ചുമത്തിയില്ല

സി) വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും കൂട്ടിയ തുക നികുതി ചുമത്തിയില്ല

ഡി) ഇവയിലൊന്നുമല്ല

29. നവ കേരള കർമ്മപദ്ധതിയിൽപെടുത്തി മുഴുവൻ ഭനവരഹിതർക്കും വീടു നിർമ്മിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഭവന പദ്ധതിയുടെ പേരെന്ത്?

എ) SBM പദ്ധതി ബി) PMAY പദ്ധതി

സി) സമ്പൂർണ്ണ പാർപ്പിട പദ്ധതി ഡി) ലൈഫ് ഭവനപദ്ധതി

30. നഗരസഭയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന തൊഴിൽദാന പദ്ധതി ഏത് ?

എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

സി) സ്വച്ഛ് ഭാരത് മിഷൻ പദ്ധതി

ഡി) ഇവയൊന്നുമല്ല

31. ഒരു അർദ്ധ വർഷത്തിൽ എത്ര ദിവസത്തിൽ കുറയാതെ ജോലി ചെയ്തവരാണ് തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായത് ?

എ) 60 ദിവസം ബി) 15 ദിവസം

സി) 25 ദിവസം ഡി) 30 ദിവസം

32. സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനം പാർക്ക്ചെയ്ത് ഫീസ് ഈടാക്കുന്നതിനായി ആരിൽനിന്നുമാണ് ലൈസൻസ് വാങ്ങേണ്ടത്?

എ) നഗരസഭ/ഗതാഗത വകുപ്പ്

ബി) ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്

സി) നഗരസഭ/ഗ്രാമപഞ്ചായത്ത്

ഡി) ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്

33. ഏത് മാസത്തിലാണ് ബഡ്ജറ്റിന് അന്തിമരൂപം നൽകുന്നത്?

എ) ഫെബ്രുവരി മാസത്തിൽ

ബി) മാർച്ച് മാസത്തിൽ

സി) ജനുവരി മാസത്തിൽ

ഡി) ഡിസംബർ മാസത്തിൽ

34. പതിനാലാം ധനകാര്യ കമ്മീഷൻ ഏത് തലത്തിലുള്ള പഞ്ചായത്തിനാണ് ഗ്രാന്റ് നൽകിയത്?

എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രം

ബി) ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം

സി) ജില്ലാ പഞ്ചായത്തുകൾക്ക് മാത്രം

ഡി) ത്രിതല പഞ്ചായത്തുകൾക്ക്

35. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഏത് തലത്തിലുള്ള തദ്ദേശഭരണ സ്ഥാപന ങ്ങൾക്കാണ് ഗ്രാൻറ് നൽകിവരുന്നത് ?

എ) ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം

ബി) നഗരസഭകൾക്ക് മാത്രം

സി) ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്

ഡി) ത്രിതല പഞ്ചായത്തുകൾക്കും/നഗരസഭകൾക്കും

36. രാജ്യത്തെ വെളിയിട വിസർജ്ജന വിമുക്തമാക്കുന്നതിനും മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പേര്?

എ) സ്വച്ഛ്ഭാരത് മിഷൻ | ബി) ഹരിത കേരള മിഷൻ
സി) ലൈഫ് മിഷൻ | സി) അമൃത് പദ്ധതി

37. സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പരമ്പരാഗത പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ തനത് ഫണ്ടിന് സമാനമായി നൽകുന്ന ഫണ്ട് ഏത് പേരിൽ അറിയപ്പെടുന്നു?

എ) കോർപസ് ഫണ്ട് | ബി) മെയിന്റനൻസ് ഫണ്ട്
സി) ജനറൽ പർപ്പസ് ഫണ്ട് | ഡി) വികസന ഫണ്ട്

38. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് നികുതി സ്രോതസ്സുകളിൽ മുഖ്യ ഇനം ഏതാണ്?

എ) വസ്തു നികുതി | ബി) വിനോദ നികുതി
സി) തൊഴിൽ നികുതി | ഡി) പരസ്യ നികുതി

39. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഒൻപതാം പഞ്ച വൽസര പദ്ധതി മുതൽ നടപ്പിലാക്കിവരുന്ന പദ്ധതി ഏത് ?

എ) ജനകീയാസൂത്രണ പദ്ധതി | ബി) ജൻഡർ ബജറ്റ്
സി) വനിതാ ഘടക പദ്ധതി | ഡി) കേരള വികസന പദ്ധതി

40. ലിംഗപദവി ബജറ്റിംഗിൽ നയരൂപീകരണത്തിന്റെ ചുമതല ആർക്കാണ്?

എ) വർക്കിംഗ് ഗ്രൂപ്പ് | ബി) വികസന സെമിനാർ
സി) ഭരണസമിതിക്ക് | ഡി) ഇവയിലൊന്നുമല്ല

41. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്തിനാണ് ഉപയോഗിക്കാൻ പറ്റാത്തത്?

എ) ഭവന പുനരുദ്ധാരണം
ബി) ഭവന നിർമ്മാണം
സി) കുടിവെള്ളം
ഡി) റോഡ് നിർമ്മാണം

42. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വിഹിതം ?

എ) 1,20,000 രൂപ
ബി) 72,000 രൂപ
സി) 1,50,000 രൂപ
ഡി) 2,00,000 രൂപ

43. ആശ്രയ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതാര്?

എ) കുടുംബശ്രീ മിഷൻ
ബി) ലൈഫ് മിഷൻ
സി) ഹരിത കേരള മിഷൻ
ഡി) സ്വച്ഛ് ഭാരത് മിഷൻ

44. തൊട്ടുകൂടായ്മ നിരോധിക്കുന്ന ഇന്ത്യൻ ഭരണഘടനാ അനുച്ഛേദം ഏത്?

എ) അനുച്ഛേദം 20
ബി) അനുച്ഛേദം 17
സി) അനുച്ഛേദം 46
ഡി) അനുച്ഛേദം 243എ

45. ഒരു വാർഡിലെ വോട്ടർപട്ടികയിൽ പേരുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സഭ ഏത് പേരിലാണ് അറിയപ്പെടുന്നത്?

എ) ഊരുകൂട്ടം
ബി) തറക്കൂട്ടം
സി) ഗ്രാമസഭ
ഡി) ഇവയൊന്നുമല്ല

46. ജനിച്ചപ്പോൾ നൽകുന്ന ലിംഗവിഭാഗവുമായി പൊരുത്തപ്പെടുന്ന ലിംഗ പദവി സ്വത്വബോധമുള്ളവരെ ഏത് പേരിലാണ് അറിയപ്പെടുന്നത്?

എ) ജെൻഡർ ദ്വന്ദ്വം
ബി) ട്രാൻസ് ജെൻഡർ
സി) സിസ് ജെൻഡർ (Cisgender)
ഡി) ഇവയൊന്നുമല്ല

47. ബജറ്റ് അവതരിപ്പിക്കുന്നതിന് വിളിച്ചുചേർക്കുന്ന യോഗം എപ്രകാരമായിരിക്കണം?

എ) സാധാരണയോഗം
ബി) പ്രത്യേകയോഗം
സി) അടിയന്തര യോഗം
ഡി) ഇവയൊന്നുമല്ല

48. ബജറ്റിൽ സ്ത്രീ പരിഗണന ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രക്രിയയുടെ പേര്?

എ) ജെൻഡർ ബജറ്റിംഗ്
ബി) പ്രത്യേക ബജറ്റിംഗ്
സി) റിവൈസ് ബജറ്റിംഗ്
ഡി) ഇവയൊന്നുമല്ല

49. 50 വർഷത്തിനുമേൽ പഴക്കമുള്ള ഒരു കെട്ടിടത്തിന്റെ ഉടമ വസ്തു നികുതി കുറയ്ക്കുന്നതിനായി മുനിസിപ്പാലിറ്റി ധനകാര്യ കമ്മിറ്റിക്ക് അപ്പീൽ നൽകുന്നു. എപ്രകാരം പരിഗണിക്കാം ?

എ) 50 വർഷത്തിനുമേൽ പഴക്കം ഉണ്ടെങ്കിൽ 75% ഇളവ് നൽകാം

ബി) 50 വർഷത്തിനുമേൽ പഴക്കം ഉണ്ടെങ്കിൽ 25% ഇളവ് നൽകാം

സി) 50 വർഷത്തിനുമേൽ പഴക്കം ഉണ്ടെങ്കിൽ 10% ഇളവ് നൽകാം

ഡി) 50 വർഷത്തിനുമേൽ പഴക്കം ഉണ്ടെങ്കിൽ 50% ഇളവ് നൽകാം

50. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനങ്ങൾ നൽകേണ്ട വിഹിതവും രീതികളും നിശ്ചയിക്കുന്നത് ആര് ?

എ) കേന്ദ്ര ധനകാര്യ കമ്മീഷൻ | ബി) സംസ്ഥാന ധനകാര്യ കമ്മീഷൻ

സി) ധനകാര്യ വകുപ്പ് | ഡി) ധനകാര്യ മന്ത്രാലയം

51. അറവുകാട് മുനിസിപ്പാലിറ്റി മുമ്പാകെ അവിടുത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു പദ്ധതി സമർപ്പിച്ചു. അതിനുവേണ്ട പണം ഏത് ഗ്രാന്റിൽനിന്നുമാണ് വകയിരുത്താവുന്നത് ?

എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഫണ്ട് (Tied Grant)

ബി) വികസന ഫണ്ട്

സി) മെയിന്റനൻസ് ഗ്രാന്റ്

ഡി) തനത് ഫണ്ട്

52. പതിനഞ്ചാം ധനകാര്യ കമ്മീഷന് ഗ്രാന്റിന്റെ ഏതിനമാണ് വികസന ഫണ്ട് ഉപയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും വിനിയോഗിക്കാവുന്നത് ?

എ) ജനറൽ പർപസ് ഗ്രാന്റ് | ബി) പ്രത്യേക ഉദ്ദേശ ഗ്രാന്റ്

സി) അടിസ്ഥാന വിഹിതം | ഡി) മെയിന്റനൻസ് ഗ്രാന്റ്

53. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ സമർപ്പിക്കപ്പെട്ട ധനസഹായ അപേക്ഷയിൽ 50,000/- രൂപ സാധനഘടകത്തിന്റെ ചെലവായി കാണിച്ചിട്ടുണ്ട്. ഇതിന്റെ എത്ര ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കും ?

എ) 25 ശതമാനം | ബി) 50 ശതമാനം

സി) 10 ശതമാനം | ഡി) 80 ശതമാനം

54. നഗരസഭ അവിടെയുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഒരു പദ്ധതി വാർഡ് സഭ മുഖേന ഏറ്റെടുത്തു. ഈ പദ്ധതിക്ക് ഏത് തരം ഫണ്ട് വകയിരുത്താം ?

എ) SBM ഫണ്ട് | ബി) അമൃത് ഫണ്ട്

സി) PMGSY ഫണ്ട് | ഡി) DDNULM ഫണ്ട്

55. പട്ടികജാതി ഉപപദ്ധതിയിൽ പരമാവധി ഏത്ര ശതമാനം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താം ?

എ) 60 ശതമാനം
ബി) 30 ശതമാനം
സി) 40 ശതമാനം
ഡി) 50 ശതമാനം

56. ശുചിത്വ ഭാരതയജ്ഞത്തിൽ ശൗചാലയത്തിനുള്ള കേന്ദ്ര വിഹിതം എത്ര യാണ് ?

എ) 10,000 രൂപ
ബി) 5000 രൂപ
സി) 8000 രൂപ
ഡി) 4000 രൂപ

57. കുറഞ്ഞത് എത്ര രൂപ അർദ്ധവാർഷിക വരുമാനമുള്ളയാൾ തൊഴിൽ നികുതി നൽകണം ?

എ) 12,000 രൂപ
ബി) 10,000രൂപ
സി) 6000 രൂപ
ഡി) 8000 രൂപ

58. എത്ര ചതുരശ്ര മീറ്ററിന് താഴെയുള്ള വാസഗൃഹങ്ങൾക്കാണ് വസ്തു നികുതി ഒഴിവാക്കിയിരിക്കുന്നത് ?

എ) 50 M2
ബി) 30 M2
സി) 60 M2
ഡി) 38.12 M2

59. 1200 അടി വിസ്തീർണ്ണമുള്ളതും നിയമാനുസൃത കെട്ടിട നമ്പർ ലഭിക്കാത്തതുമായ വീടിനുടമസ്ഥനായ രവി വോട്ടർ പട്ടികയിൽ പേര് ചേർക്കാനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. ടിയാന് ഏത് തരം സാക്ഷ്യപത്രമാണ് നൽകുവാൻ സാധിക്കുക?

എ) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
ബി) ജനന സർട്ടിഫിക്കറ്റ്
സി) താൽകാലിക താമസ സർട്ടിഫിക്കറ്റ്
ഡി) ഇവയൊന്നുമല്ല

60. പാർപ്പിട ആവശ്യത്തിനുള്ള ഒരു കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കുമ്പോൾ പുതിയ നികുതി പഴയ നികുതിയേക്കാളും പരമാവധി എത്ര ശതമാനത്തിൽ കൂടാൻ പാടില്ല ?

എ) 25 ശതമാനം
ബി) 50 ശതമാനം
സി) 30 ശതമാനം
ഡി) 75 ശതമാനം

61. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ നഗരസഭകളിൽ ആരാണ് തയ്യാറാക്കേണ്ടത് ?

എ) വൈസ് ചെയർമാൻ ബി) സ്റ്റിയറിംഗ് കമ്മിറ്റി
സി) കൗൺസിൽ ഡി) സെക്രട്ടറി

62. ബജറ്റിൽ ഉൾപ്പെടുത്തിയ തുകകളിൽ ചെലവ് നിയന്ത്രിച്ച് നിർത്തുന്നതിനെ എങ്ങനെ വിളിക്കുന്നു ?

എ) സാമ്പത്തിക നിയന്ത്രണം ബി) ബജറ്ററി നിയന്ത്രണം
സി) ഫണ്ട് നിയന്ത്രണം ഡി) ഇവയൊന്നുമല്ല

63. പട്ടികവർഗ്ഗക്കാർക്കായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ ജനപങ്കാ ളിത്ത ത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായിക്കുന്നതിനായി നിയമിക്ക പ്പെട്ടിട്ടുള്ള വ്യക്തി ?

എ) സാക്ഷരതാ പ്രേരക് ബി) എസ്.സി പ്രൊമോട്ടർ
സി) എസ്.ടി പ്രൊമോട്ടർ ഡി) എസ്.സി വോളന്റിയർ

64. വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡമായി പരിഗണി ക്കുന്ന തെന്ത് ?

എ) കെട്ടിടത്തിന്റെ തറവിസ്തീർണ്ണം
ബി) കെട്ടിടത്തിന്റെ നിർമ്മിതി വിസ്തീർണ്ണം
സി) കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ
ഡി) കെട്ടിടത്തിന്റെ കാർപെറ്റ് ഏരിയ

65. ഗ്രാമ പഞ്ചായത്തുകളിൽ വസ്തു നികുതി നിർണയത്തിന്മേലുള്ള ആക്ഷേപങ്ങളിൽ അപ്പീൽ സമർപ്പിക്കേണ്ടത് ആർക്കാണ് ?

എ) സെക്രട്ടറി ബി) പ്രസിഡന്റ്
സി) ട്രൈബ്യൂണൽ ഡി) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

66. ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് വസ്തു നികുതിയിന്മേൽ ചുമത്താവുന്ന കുറഞ്ഞ സേവന നികുതി നിരക്ക് എത്ര ശതമാന മാണ് ?

എ) 3 ശതമാനം ബി) 4 ശതമാനം
സി) 2 ശതമാനം ഡി) 5 ശതമാനം

67. സഞ്ചാരമാർഗ്ഗം ഇല്ലാത്ത ഗ്രാമപ്രദേശങ്ങളെ പട്ടണ പ്രദേശങ്ങളുമായി ബന്ധിപ്പി ക്കുന്ന കേന്ദ്ര സർക്കാർ റോഡ് വികസന പദ്ധതി ഏത് ?

എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (PMGSY)
ബി) പ്രധാനമന്ത്രി ആവാസ് യോജന (PMAY)

സി) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി (MGNREGS)

ഡി) രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA)

68. പാർപ്പിടാവശ്യത്തിനുള്ളതും സംസ്ഥാന പദ്ധതിയായ ലൈഫ് മിഷനുമായി സംയോജന സാധ്യതയുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഏത്?

എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (PMGSY)

ബി) പ്രധാനമന്ത്രി ആവാസ് യോജന (PMAY)

സി) അമൃത് 2

ഡി) ദീനദയാൽ ഗ്രാമീണ ഉപജീവന ദൗത്യം (DDNRLM)

69. നഗരസഭകളിൽ പശ്ചാത്തല മേഖലയ്ക്ക് നീക്കിവെക്കാവുന്ന പരമാവധി പൊതു വിഭാഗം വികസന ഫണ്ട് വിഹിതം എത്ര ?

എ) 60 ശതമാനം　　ബി) 40 ശതമാനം

സി) 30 ശതമാനം　　ഡി) 50 ശതമാനം

70. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം തുക വനിതാ ഘടക പദ്ധതിക്കായി വകയിരുത്തണം എന്ന നിർദ്ദേശം ഏത് പഞ്ചവൽസര പദ്ധതി മുതലാണ് നിർദ്ദേശിക്കപ്പെട്ടത്?

എ) എട്ടാം പഞ്ചവൽസര പദ്ധതി

ബി) പത്താം പഞ്ചവൽസരപദ്ധതി

സി) ഒൻപതാം പഞ്ചവൽസര പദ്ധതി

ഡി) പതിമൂന്നാം പഞ്ചവൽസര പദ്ധതി

71. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിന്റെ പദ്ധതി ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന പോർട്ടലേത്?

എ) K-SWIFT　　ബി) ഇ ഗ്രാം സ്വരാജ് പോർട്ടൽ

സി) സുലേഖ　　ഡി) സാംഖ്യ

72. ജല ദൗർലഭ്യം നേരിടുന്ന നിങ്ങളുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കാനുള്ള പ്രൊജക്ട് തയ്യാറാക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ ഏത് കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിക്കാം ?

എ) ജൽ ജീവൻ മിഷൻ　　ബി) സ്വച്ഛ് ഭാരത് മിഷൻ

സി) അമൃത്　　ഡി) ഹരിത കേരള മിഷൻ

73. കേരള പഞ്ചായത്ത് രാജ് ആക്ട് / കേരള മുനിസിപ്പൽ ആക്ട് എന്നിവയിൽ ഉൾപ്പെടാത്ത ചില കേന്ദ്ര നിയമങ്ങൾ ബാധകമായ ദൈനംദിന പ്രവർത്തികളും ഉത്തരവാദിത്തങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്കുണ്ട്. ഇവയിൽ താഴെ പറയുന്നവയിൽ ഏതായിരിക്കും ശരിയുത്തരം ?

എ) മാലിന്യ സംസ്കരണം

ബി) കുടിവെള്ള വിതരണം

സി) വിദ്യാഭ്യാസ പരിപോഷണം

ഡി) വിവാഹ / ജനന-മരണ രജിസ്ട്രേഷൻ

74. മുനിസിപ്പൽ ബജറ്റിൽ വാർഷിക റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം തുക നിർബന്ധമായും ദാരിദ്ര്യ നിർമ്മാർജനത്തിന് നീക്കിവെക്കണം ?

എ) 1 ശതമാനം

ബി) 5 ശതമാനം

സി) 2 ശതമാനം

ഡി) 10 ശതമാനം

75. കേന്ദ്ര പദ്ധതിയായ നഗര ഗ്രാമ ഉപജീവന മിഷനുകൾ (NULM, NRLM) മുഖേന പ്രതിവർഷം 225 കോടി രൂപ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. എന്തിനായാണ് ഈ പണം ഉപയോഗിക്കേണ്ടത് ?

എ) സംരഭകത്വ വികസന പദ്ധതികൾക്ക്

ബി) ഭവിനിർമ്മാണത്തിന്

സി) ശുചിമുറി നിർമ്മാണത്തിന്

ഡി) ഭവന വൈദ്യുതീകരണത്തിന്

76. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കുക, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക, ആശുപത്രികളിൽ വേസ്റ്റ് മാനേജ്മെന്റ് റിക്കവറി സെന്ററുകളുടെ സ്ഥാപനം എന്നിവ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി ?

എ) ഹരിത കേരളം

ബി) ജലജീവൻ മിഷൻ

സി) നവ കേരളം

ഡി) ശുചിത്വ കേരളം

77. നീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമാക്കിയുള്ള കൃഷി, മണ്ണ്, ജല സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഏത് കേന്ദ്ര പദ്ധതിയാണ് പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നത് ?

എ) രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA)

ബി) പ്രധാനമന്ത്രി ആവാസ് യോജന (PMAY)

സി) പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY)

ഡി) സ്വച്ഛ് ഭാരത് മിഷൻ (SBM)

78. 2017 ൽ ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് ഈ നികതി ഒഴിവാക്കപ്പെട്ടു. പക്ഷേ, പിന്നീട് ഇത് 18 ശതമാനമായി കുറവ് ചെയ്തതിനാൽ സംസ്ഥാന സർക്കാർ വീണ്ടും ഈ നികുതി ഏർപ്പെടുത്തുകയുണ്ടായി. ഏതാണ് ഈ നികുതി?

എ) വിനോദ നികുതി

ബി) പരസ്യ നികുതി

സി) ബേസിക് ടാക്സ്

ഡി) തൊഴിൽ നികുതി

79. പ്രിയ സ്വന്തം വീട്ടിൽ കുട്ടികൾക്ക് ട്യൂഷൻ എടുത്തുപോന്നിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ അടുത്തുള്ള വാടക കെട്ടിടലേക്ക് 'പ്രിയ ട്യൂട്ടോറിയൽസ്' എന്ന പേരിൽ സ്ഥാപനം ആരംഭിക്കുന്നു. ഇത് എവിടെയാണ് രജിസ്റ്റർ ചെയ്യേണ്ടത് ?

എ) നഗരാസൂത്രണ വകുപ്പിൽ　　ബി)ബ്ലോക്ക്-ജില്ലാ പഞ്ചായത്തിൽ

സി) രജിസ്ട്രേഷൻ വകുപ്പിൽ　　ഡി) ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ

80. തോട്ടപ്പള്ളി മുനിസിപ്പാലിറ്റി പ്രത്യേക യോഗത്തിൽ പാസാക്കിയ പ്രമേയം മൂലം ചേരി നിർമ്മാർജ്ജനത്തിനായി കടം വാങ്ങാൻ തീരുമാനിക്കുകയും തിരിച്ചടയ്ക്കേണ്ട കാലാവധി 80 വർഷമായി നിജപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ സർക്കാരിന്റെ മുൻകൂർ അനുവാദത്തിനായി സമർപ്പിച്ച അപേക്ഷ നിരസിച്ചു. കാരണമെന്തായിരിക്കും?

എ) തിരിച്ചടവിന്റെ 10 വർഷത്തിൽ കവിയാൻ പാടില്ല

ബി) തിരിച്ചടവിന്റെ 50 വർഷത്തിൽ കവിയാൻ പാടില്ല

സി) തിരിച്ചടവിന്റെ 30 വർഷത്തിൽ കവിയാൻ പാടില്ല

ഡി) തിരിച്ചടവിന്റെ കാലാവധി 60 വർഷത്തിൽ കവിയാൻ പാടില്ല

81. മാധവി നികുതി അടയ്ക്കുന്ന സ്വന്തം സ്ഥലത്തിൽനിന്ന് അങ്കണവാടി നിർമ്മാണത്തിനായി അഞ്ച് സെന്റ് സ്ഥലം സംഭാവന ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ രജിസ്ട്രേഷൻ ഫീസ് ആര് വഹിക്കും ?

എ) മാധവി തന്നെ വഹിക്കും

ബി) തദ്ദേശ സ്ഥാപനം വഹിക്കും

സി) പൊതു ആവശ്യമായതിനാൽ രജിസ്ട്രേഷൻ ഫീ ഇളവുണ്ട്

ഡി) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവുണ്ട്

82. തൊഴിൽ നികുതി സ്ലാബ് അനുസരിച്ച് അർദ്ധവാർഷിക നികുതിയായി എത്ര രൂപ വരെ പരമാവധി ചുമത്താം ?

എ) പരമാവധി ചുമത്താവുന്ന തൊഴിൽ നികുതി 1500 രൂപയാണ്

ബി) പരമാവധി ചുമത്താവുന്ന തൊഴിൽ നികുതി 1250 രൂപയാണ്

സി) പരമാവധി ചുമത്താവുന്ന തൊഴിൽ നികുതി 2500 രൂപയാണ്

ഡി) പരമാവധി ചുമത്താവുന്ന തൊഴിൽ നികുതി 5000 രൂപയാണ്

83. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനായി കേരള സർക്കാർ ആസൂത്രണം ചെയ്ത പദ്ധതി ?

എ) അടൽ മിഷൻ ഫോർ റിജ്യുവനേഷൻ

ബി) റീ ബിൽഡ് കേരള ഇനിഷിയേറ്റീവ്

സി) കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്

ഡി) ജലജീവൻ മിഷൻ

84. ഇൻഡോ-നോർവീജിയൻ പ്രോജക്ട് ആരംഭിച്ചവർഷം ?

എ) 1962 ബി) 1972
സി) 1952 ഡി) 1982

85. താഴെപ്പറയുന്നവയിൽ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട അനിവാര്യ പ്രോജക്ട് ഏത് ?

എ) മണ്ണ് ജലസംരക്ഷണം ബി) അങ്കണവാടി പോഷകാഹാരം
സി) ജലസേചന പദ്ധതി ഡി) ഊർജ്ജ സംരക്ഷണ പദ്ധതി

86. TSP യുടെ പൂർണ്ണരൂപം ഏത് ?

എ) Tribal Special Plan ബി) Tribal Status Plan
സി) Tribal Society Plan ഡി) Tribal Sub Plan

87. താഴെപ്പറയുന്നവയിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ലാത്ത ഗ്രാന്റ് ഏത് ?

എ) വികസന ഫണ്ട് ബി) ജനറൽ പർപ്പസ് ഫണ്ട്
സി) മെയിന്റനൻസ് ഫണ്ട് ഡി) വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ

88. ബജറ്റ് പാസാക്കിയ ശേഷം വരവ് ചെലവുകളിൽ മാറ്റം അനിവാര്യമായ സന്ദർഭങ്ങളിൽ ---------- പാസാക്കണം

എ) പരിഷ്കരിച്ച ബജറ്റ് ബി) വോട്ട് ഓൺ അക്കൗണ്ട്
സി) അനുപൂരക ബജറ്റ് ഡി) മുൻകൂർ ബജറ്റ്

89. ഭരണഘടനയുടെ ഏത് അനുഛേദ പ്രകാരമാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ രൂപവൽക്കരിക്കപ്പെട്ടത് ?

എ) 280 ബി) 243
സി) 42 ഡി) 83

90. നഗരസഞ്ചയങ്ങളിൽ (Urban Agglomerations) ഉൾപ്പെടുന്ന ഏക മുനിസിപ്പാലിറ്റി ഏത്?

എ) ആലപ്പുഴ ബി) മലപ്പുറം
സി) തിരൂരങ്ങാടി ഡി) പയ്യന്നൂർ

91. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ അടിസ്ഥാനവിഹിതം ഉപയോഗിക്കാൻ പറ്റാത്ത ചെലവിനം ഏത് ?

എ) കെട്ടിട നിർമ്മാണം

ബി) എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ

സി) സ്പിൽ ഓവർ ബാധ്യത നിറവേറൽ

ഡി) കുടിവെള്ള വിതരണം

92. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ പ്രത്യേക ഉദ്ദേശ ഗ്രാന്റ് ഇനത്തിൽ (Specific Purpose Grant) നിന്നും താഴെപ്പറയുന്ന ഏത് ഇനത്തിന് ചിലവ് ചെയ്യാവുന്നതാണ് ?

എ) ശമ്പളം

ബി) ഓഫീസ് കെട്ടിട നിർമ്മാണം

സി) പുതിയ റോഡുകളുടെ നിർമ്മാണം

ഡി) വെളിയിട വിസർജ്ജനവിമുക്തി സ്ഥിതി (ODF Status)നിലനിർത്തുന്ന പ്രോജക്ട്

93. താഴെപ്പറയുന്നവയിൽ നോൺ പ്ലാൻ എസ്റ്റിമേറ്റിൽപ്പെടുന്ന ഇനം ഏത് ?

എ) ഓഫീസ് സ്റ്റേഷനറി

ബി) വികസന ഫണ്ട്

സി) ധനകാര്യ കമ്മീഷൻ

ഡി) മെയിന്റനൻസ് ഗ്രാന്റ്

94. പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്താനുള്ള ചുമതല ഏത് തദ്ദേശഭരണ സ്ഥാപനത്തിനാണ് ?

എ) നഗരസഭ / ഗ്രാമപഞ്ചായത്ത്

ബി) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്

സി) ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത്

ഡി) ബ്ലോക്ക് പഞ്ചായത്ത് / നഗരസഭ

95. ഇനി പറയുന്നവയിൽ ഏത് കാര്യത്തിനാണ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) വിനിയോഗിക്കാൻ പാടില്ലാത്തത് ?

എ) ശ് മശാനങ്ങൾ നിർമ്മിക്കാൻ

ബി) മാലിന്യ പരിപാലനം

സി) കുടിവെള്ള പദ്ധതികൾ

ഡി ജല സ്രോതസ് നവീകരണം

96. ഇനിപ്പറയുന്നവയിൽ ബജറ്റിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളിൽ പെടാത്തത് ആര് ?

എ) സ്ത്രീകൾ

ബി) സാമൂഹികമായി പിൻതള്ളപ്പെട്ടവർ

സി) ജനപ്രതിനിധികൾ

ഡി) അശരണർ

97. ഇന്ത്യയിൽ ബജറ്റിംഗ് ഫോർ ജെൻഡർ ഇക്വിറ്റി (Budgeting for Gender Equity) ഒരു മിഷൻ എന്ന നിലയിൽ സ്വീകരിച്ചത് ഏത് വർഷം മുതൽ ?

എ) 2004-05

ബി) 2006-07

സി) 2009-10

ഡി) 2012-13

98. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ ചെലവ് ബജറ്റിന്റെ ഏത് വിഭാഗത്തിൽപ്പെടുത്തണം ?

എ) പെർഫോർമൻസ് എസ്റ്റിമേറ്റ്

ബി) നോൺ പ്ലാൻ എസ്റ്റിമേറ്റ്

സി) പ്ലാൻ എസ്റ്റിമേറ്റ്

ഡി) ഇൻവെസ്റ്റ്മെന്റ് എസ്റ്റിമേറ്റ്

99. പഞ്ചായത്തിലെ ഇതര സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടത് ഏത് തീയതിക്കാണ് ?

എ) ജനവരി 15

ബി) മാർച്ച് ആദ്യവാരം

സി) ഡിസംബർ 15

ഡി) മാർച്ച് 31ന് മുമ്പ്

100. ഗ്രാമപഞ്ചായത്ത്/നഗരസഭയുടെ റവന്യൂ വരവിൽ ഉൾപ്പെടാത്തത് ഏത് ?

എ) വസ്തു നികുതി

ബി) ലേല തുക

സി) തൊഴിൽ നികുതി

ഡി) വികസന ഫണ്ട്

**********

# കോഴ്സ് – 03

# ആസൂത്രണവും വികസനവും

1. ചുള്ളിമല നഗരസഭയുടെ ഭാവി വികസന സാധ്യതകൾ ഉൾക്കൊള്ളുന്ന രൂപരേഖ കൗൺസിലർ സതീശൻ വികസന സ്റ്റാൻഡിങ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. നഗരത്തിന്റെ സവിശേഷതകളും പ്രാധാന്യവും പരിഗണിച്ച് ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും രൂപപ്പെടുത്തുന്നതിന് അനുസൃതമായി ----------- തയ്യാറാക്കുന്നതാണ് അഭികാമ്യമെന്ന് അദ്ദേഹം പരാമർശിച്ചു.

എ) മാസ്റ്റർ പ്ലാൻ
ബി) സെക്ഷൻ പ്ലാൻ
സി) ഡിസാസ്റ്റർ പ്ലാൻ
ഡി) വനിതാ ഘടക പദ്ധതി

2. മടക്കര ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വനിതാഘടക പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചർച്ച ചെയ്തു. പക്ഷേ അതിൽ ഒന്ന് മാത്രമേ വനിതാ ഘടക പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ പാടുള്ളൂ എന്ന് പഞ്ചായത്ത് അംഗം സിനി അഭിപ്രായപ്പെട്ടു. ഏതാണ് ആ പദ്ധതി.

എ) ഭവന നിർമ്മാണം
ബി) കുടുംബശ്രീ വിപണന കേന്ദ്രത്തിലേക്കുള്ള റോഡ്
സി) വനിതാ തയ്യൽ യൂണിറ്റ്
ഡി) കന്നുകുട്ടി പരിപാലനം

3. ബോവിക്കാനം പഞ്ചായത്തിൽ വനിതാ ഘടക പദ്ധതിക്ക് വിഹിതം നീക്കി വെക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് യോഗത്തിൽ അഭിപ്രായ വ്യത്യാസം ഉയർന്നു. പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് എത്ര ശതമാനം തുകയാണ് വനിതാ ഘടകപദ്ധതിക്കായി മാറ്റിവെക്കേണ്ടത്?

എ) വികസന ഫണ്ടിന്റെ (ജനറൽ) 10%
ബി) ആകെ വികസന ഫണ്ടിന്റെ 10%
സി) പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ടിന്റെ 10%
ഡി) പട്ടികജാതി / പട്ടികവർഗവിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ 10%

4. താങ്കളുടെ പഞ്ചായത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എന്ത് തരം സർവ്വേ ആണ് പഞ്ചായത്ത് സ്വീകരിക്കുക?

എ) സെൻസസ് സർവ്വേ
ബി) സാമ്പിൾ സർവ്വേ
സി) കുടുംബാരോഗ്യ സർവ്വേ
ഡി) ബി പി എൽ സർവ്വേ

5. വെള്ളിക്കുന്നത്ത് പഞ്ചായത്തിൽ എട്ടാം വാർഡിൽ വിവാഹം ചെയ്തു വന്ന പെൺകുട്ടി സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നു. അവർ പഞ്ചായത്തിലെ ഏത് സംവിധാനത്തെ ആണ് ആദ്യം സമീപിക്കേണ്ടത്?

എ) പഞ്ചായത്ത് കമ്മിറ്റി

ബി) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി

സി) വികസന സ്റ്റാൻഡിങ് കമ്മിറ്റി

ഡി) ജാഗ്രത സമിതി

6. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) അഞ്ചാമത്തെ ലക്ഷ്യമേത് ?

എ) ദാരിദ്ര്യ നിർമ്മാർജ്ജനം ബി) ലിംഗസമത്വം

സി) ആരോഗ്യം ഡി) വിദ്യാഭ്യാസം

7. സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾ രൂപീകരിച്ച് അവയ്ക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും ചുമതലകളും വിഭവങ്ങളും നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഭരണഘടന അനുച്ഛേദം ഏത്?

എ) അനുച്ഛേദം 40 ബി) അനുച്ഛേദം 50

സി) അനുച്ഛേദം 60 ഡി) അനുച്ഛേദം 70

8. ബജറ്ററി നിയന്ത്രണം ഏത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

എ) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി

ബി) വികസന സ്റ്റാൻഡിംഗ് കമ്മിറ്റി

സി) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ഡി) പൊതു മരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി

9. ഗ്രാമസഭകൾക്ക് തത്തുല്യമായ രീതിയിൽ നഗരസഭകളിൽ നിലനിൽക്കുന്ന സംവിധാനമാണ് .........

എ) ജോയിന്റ് കമ്മിറ്റി ബി) സബ് കമ്മിറ്റി

സി) സബ്ജക്റ്റ് കമ്മിറ്റി ഡി) വാർഡ്സഭ

10. എത്ര ജനസംഖ്യയ്ക്ക് മുകളിലാണ് നഗരസഭകളിൽ വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടത്?

എ) 25,000 ത്തിന് മുകളിൽ ബി) 60,000 ത്തിന് മുകളിൽ

സി) 75,000 ത്തിന് മുകളിൽ ഡി) 1,00,000 ത്തിന് മുകളിൽ

11. നിശ്ചിത ജനസംഖ്യയിൽ കൂടുതലുള്ള മുൻസിപ്പാലിറ്റിയിൽ വാർഡ് കമ്മിറ്റി രൂപീകരിക്കണമെന്ന് കേരള മുൻസിപ്പാലിറ്റി നിയമത്തിലെ ഏത് വകുപ്പ്

പ്രകാരമാണ് പരാമർശിക്കുന്നത്.

എ) 40 ബി) 41
സി) 42 ഡി) 43

12. ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലകളാണ് പരിസ്ഥിതി സംരക്ഷണം, ഖരമാലിന്യശേഖരണവും നീക്കം ചെയ്യലും. ഇതുമായി ബന്ധപ്പെട്ട മിഷൻ ഏതാണ്?

എ) ശുചിത്വ മിഷൻ ബി) ആർദ്രം മിഷൻ
സി) ലൈഫ് മിഷൻ ഡി) കുടുംബശ്രീ മിഷൻ

13. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ് എന്നിവയ്ക്കായി ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ ഏതാണ്?

എ) സുലേഖ ബി) സൂചിക
സി) സഞ്ചയ ഡി) സമഗ്ര

14. ബഡ്ജറ്റ് ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ അതിന്റെ ധനവിനിയോഗവും അതിന്റെ ഫലമായുള്ള നേട്ട കോട്ടങ്ങളും ഫലപ്രാപ്തിയും അപഗ്രഥിക്കുന്ന ബഡ്ജറ്റിനെ ----------------- എന്ന് പറയുന്നു.

എ) പെർഫോമൻസ് ബഡ്ജെറ്റിങ്
ബി) ജെൻഡർ ബഡ്ജെറ്റിങ്
സി) ഡി.സി.ബി സ്റ്റേറ്റ്മെൻറ്
ഡി) വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ്

15. വസ്തു നികുതി കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ താഴെ പറയുന്ന ഏത് ഘടകങ്ങൾ പരിഗണിച്ചാണ് ഇളവുകളും വർദ്ധനവും കണക്കാക്കുന്നത്

എ) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല
ബി) കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ ലഭ്യത
സി) മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം
ഡി) ഇവയെല്ലാം

16. ഇന്ത്യയിലെ അവസാന പഞ്ചവത്സര പദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി ഏത് ?

എ) പന്ത്രണ്ടാം പദ്ധതി
ബി) പതിമൂന്നാം പദ്ധതി
സി) പതിനാലാം പദ്ധതി
ഡി) പതിനൊന്നാം പദ്ധതി

17. സുസ്ഥിരവികസന ലക്ഷ്യങ്ങളിലെ പരമപ്രധാനമായ ലക്ഷ്യമായ ദാരിദ്ര്യനി ർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പഞ്ചായത്തുകളിൽ ഈയിടെ നടന്ന സർവ്വേ ഏത് ?

എ) അതിദരിദ്രരെ കണ്ടെത്തൽ സർവ്വേ

ബി) നാഷനൽ സാമ്പിൾ സർവ്വേ

സി) ബി. പി. എൽ സർവ്വേ

ഡി) കുടുംബ സർവ്വേ

18. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന പരിഗണന എന്ത്?

എ) വ്യവസായം ബി) കൃഷി

സി) ഹരിതവിപ്ലവം ഡി) തൊഴിൽ സൃഷ്ടിക്കൽ

19. കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ച വർഷം

എ) 1994 ബി) 1995

സി) 1996 ഡി) 1999

20. കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയി ൽ ഇളവു നൽകാം. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതൽ വീതിയുമുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് എത്ര ശതമാനം ഇളവാണ് ലഭിക്കുക ?

എ) 2% ബി) 5%

സി) 10% ഡി) ഇളവ് ഇല്ല

21. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ബഡ്ജെറ്റ് താഴെപ്പറയുന്നവയിൽ ഏത് രീതിയിൽ ആയിരിക്കണം ?

എ) 5% മിച്ചം വേണം ബി) 10% മിച്ചം വേണം

സി) 5% കമ്മി ആകണം ഡി) 10% കമ്മി ആകണം

22. ഇന്ത്യയിൽ ഉദാരവത്കരണം, സ്വകാര്യവൽക്കരണം ആഗോള വൽക്കരണം (LPG) എന്ന സ്വതന്ത്ര വിപണി പരിഷ്കാരങ്ങൾ നിലവിൽ വന്ന വർഷം ഏത് ?

എ) 1991 ബി) 1980

സി) 1971 ഡി) 1999

23. പര്യാപ്തമായ വിഭവങ്ങൾ ഉപയോഗിച്ച് നിശ്ചിത സമയത്തിനുള്ളിൽ ലക്ഷ്യ ങ്ങൾ കൈവരിക്കാനുള്ള പുതിയ നിർവഹണ നടപടികളായി Special Action Plan രൂപം കൊണ്ട പഞ്ചവത്സര പദ്ധതി ഏത് ?

എ) അഞ്ചാം പദ്ധതി ബി) ഒൻപതാം പദ്ധതി

സി) ആറാം പദ്ധതി ഡി) ഏഴാം പദ്ധതി

24. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണവും ഭരണവും വികേന്ദ്രീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്ന പ്രസ്ഥാനം ?

എ) സാക്ഷരത പ്രസ്ഥാനം

ബി) ജനകീയ ആസൂത്രണ പ്രസ്ഥാനം

സി) ജനകീയ ആരോഗ്യ പ്രസ്ഥാനം

ഡി) സർവോദയ പ്രസ്ഥാനം

25. സംസ്ഥാനത്ത് പതിനാലാം പഞ്ചവൽസര പദ്ധതി ഏത് കാലയളവിലേക്കാണ്?

എ) 2017-22 ബി) 2023-28

സി) 2022-27 ഡി) 2024-29

26. ഭാവിയിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നത് മുൻകൂട്ടി തീരുമാനിക്കുന്നതിനെ എന്ത് പറയുന്ന ?

എ) മോണിറ്ററിങ് ബി) വികസനം

സി) നീക്കിയിരിപ്പ് ഡി) ആസൂത്രണം

27. കാരക്കുഴി പഞ്ചായത്തിൽ സെൻസസ് എടുക്കുവാൻ എത്തിയ ഉദ്യോഗസ്ഥ ശാലിനി സ്വീകരിക്കേണ്ട രീതിശാസ്ത്രം ഏത് ?

എ) പോപ്പുലേഷൻ സർവേ

ബി) സാമ്പിൾ സർവേ

സി) ബി പി എൽ സർവേ

ഡി) കുടുംബ ആരോഗ്യ സർവേ

28. ആസൂത്രണത്തിന്റെ ഭാഗമായി വിവരശേഖരണത്തിനായി പട്ടികജാതി കോളനിയിൽ എത്തിയ സിനി എന്ന ഉദ്യോഗസ്ഥ ചെറിയ ചെറിയ കൂട്ടായ്മയിലൂടെ വിവരം ശേഖരിക്കുക ആണെങ്കിൽ, അത് എന്ത് തരം വിവരശേഖരണ രീതിയാണ് ?

എ) സർവേ ബി) പൊതു ചർച്ച

സി) ഫോക്കസ് ഗ്രൂപ്പ് ചർച്ച ഡി) സാംപിൾ സർവേ

29. പഞ്ചവത്സര വാർഷിക പദ്ധതികൾ രൂപീകരിക്കുക, വാർഷിക സാമ്പത്തിക അവലോകനം തയ്യാറാക്കുക, പദ്ധതി നടപ്പാക്കൽ, നിരീക്ഷിക്കുക വിവിധ വകുപ്പുകളുമായി ഏകോപിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ മുന്നിൽകണ്ട് 1967 സെപ്റ്റംബറിൽ മുഖ്യമന്ത്രി ശ്രീ.ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർപേഴ്സൺ ആയി രൂപീകരിച്ച സംവിധാനം

എ) സംസ്ഥാന ആസൂത്രണ കമ്മീഷൻ

ബി) ജില്ല ആസൂത്രണ സമിതി

സി) ദേശീയ ആസൂത്രണ സമിതി

ഡി) പഞ്ചായത്ത് ആസൂത്രണ സമിതി

30. ഒരു ലക്ഷം ജനസംഖ്യയ്ക്ക് മുകളിലുള്ള നഗരസഭകളിൽ വാർഡ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത് ഭരണ ഘടനയുടെ ഏത് അനുഛേദം അനുസരിച്ചാണ് ?

എ) 243 C
ബി) 243 K
സി) 243 B
ഡി) 243 S

31. 1944 ന്റെ തുടക്കത്തിൽ പ്രമുഖ വ്യവസായികളായ സർ പുരുഷോത്തംദാസ് താക്കൂർദാസും ജെ.ആർ.ഡി ടാറ്റയും മറ്റ് ആറുപേരും കൂടി പ്രസിദ്ധീകരിച്ച വികസന പദ്ധതിയുടെ പേരെന്ത് ?

എ) കൽക്കട്ട പ്ലാൻ
ബി) മദ്രാസ് പ്ലാൻ
സി) ബോംബെ പ്ലാൻ
ഡി) ഡെൽഹി പ്ലാൻ

32. പുലിയേടത്ത് ഗ്രാമ പഞ്ചായത്തിന് ഓഫീസ് കെട്ടിടം പണിയുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയുടെ നിലപാട് എന്തായിരിക്കും ?

എ) ഭൂമി പരമാവധി ഉപയോഗിച്ച് കെട്ടിടം പണിയുക
ബി) ഫ്ലോർ ഏരിയ റേഷ്യോ പ്രകാരം നിർമ്മാണം നടത്തുക
സി) ഫ്ലോർ ഇൻഡെക്സ് പ്രകാരം നടത്തുക
ഡി) ഇവയൊന്നും അല്ല

33. ജില്ല ആസൂത്രണ സമിതിയുടെ ചുമതലകളിൽ പെടുന്നത് ഏത് ?

എ) റോഡുകൾ നിർമ്മിക്കുക
ബി) വീടുകൾ അനുവദിക്കുക
സി) വാർഷിക പദ്ധതിക്ക് അംഗീകാരം നൽകുക
ഡി) കെട്ടിടങ്ങൾക്ക് അനുമതി നൽകുക

34. ഭൂമിയുടെ ഒരു പ്രത്യേക പ്രദേശത്തെ മേഖലകളായി വിഭജിക്കുകയും ഒരോ മേഖലയ്ക്കും അനുവദനീയവും നിരോധിതവുമായ ഭൂവിനിയോഗത്തിന്റെ തരങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ................................

എ) സോണിംഗ്
ബി) മാപ്പിംഗ്
സി) ഗ്രേഡിംഗ്
ഡി) പ്ലാനിംഗ്

35. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആദ്യത്തെ ചെയർമാൻ ആര് ?

എ) ഇ.എം.എസ് നമ്പൂതിരിപ്പാട്
ബി) ഇ.കെ.നായനാർ
സി) കെ.കരുണാകരൻ
ഡി) ഗൗരിയമ്മ

36. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആസൂത്രണവും ഭരണവും വികേന്ദ്രീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പ്രസ്ഥാനം?

എ) സാക്ഷരത പ്രസ്ഥാനം

ബി) നവ കേരള പ്രസ്ഥാനം

സി) ഹരിത കേരള പ്രസ്ഥാനം

ഡി) ജനകീയ ആസൂത്രണ പ്രസ്ഥാനം

37. പതിനൊന്നാം പഞ്ചവൽസര പദ്ധതി കാലയളവിലെ ഇന്ത്യൻ പ്രധാനമന്ത്രി

എ) ദേവഗൗഡ | ബി) ഡോ.മൻമോഹൻസിംഗ്

സി) വി.പി.സിംഗ് | ഡി) രാജീവ് ഗാന്ധി

38. ഗ്രാമീണ മേഖലയുടെ വികസനത്തിനായി ശിവരാമൻ കമ്മിറ്റി ശുപാർശ പ്രകാരം രൂപീകൃതമായ ബാങ്കിംഗ് സ്ഥാപനം?

എ) നബാർഡ് | ബി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

സി) കാനറ ബാങ്ക് | ഡി) മലബാർ ഗ്രാമീൺ ബാങ്ക്

39. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ എന്ന ഒരു പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ഇന്ത്യൻ സമ്പദ് വ്യവസ്ഥ മുഴുവൻ വിപണിക്ക് തുറന്ന കൊടുത്ത സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയ നരസിംഹറാവു സർക്കാരിൽ ധന കാര്യ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രി ആരായിരുന്ന ?

എ) പി.ചിദംബരം | ബി) ഡോ.മൻമോഹൻ സിംഗ്

സി) യശ്വന്ത് സിൻഹ | ഡി) അരുൺ ഷൂരി

40. ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ ?

എ) ജില്ലാ കളക്ടർ

ബി) ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്

സി) അഡീഷ്ണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്

ഡി) ഏരിയ ഡെവലപ്മെന്റ് ഓഫീസർ

41. ഖരമാലിന്യ നിർമ്മാർജനത്തിനായി കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച സേന

എ) ദ്രുതകർമ്മ സേന | ബി) ഭക്ഷ്യ സുരക്ഷ സേന

സി) ആരോഗ്യ സേന | ഡി) ഹരിത കർമ്മ സേന

42. അംബികയും ആതിരയും തമ്മിലുള്ള സൗഹൃദ സംഭാഷണത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 250 രൂപയാണ് ഒരു ദിവസത്തെ അവിദഗ്ധ തൊഴിലാളിയുടെ (unskilled worker) വേതനമെന്ന് ആതിരയും 271 രൂപയാണെന്ന് അംബികയും പറയുന്ന. കേരളത്തിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ തൊഴിലാളിയുടെ വേതനം എത്ര ?

എ) 250 | ബി) 291

സി) 271 | ഡി) 270

43. ഇന്ത്യയുടെ ആദ്യത്തെ ആസൂത്രണ രൂപരേഖ തയ്യാറാക്കിയത് വളരെ പ്രശസ്ത നായ എൻജിനീയറും, ഭരണാധികാരിയും ആയിരുന്നു. അദ്ദേഹത്തിന്റെ പേരിൽ കർണ്ണാടകയിൽ ഒരു സാങ്കേതിക സർവ്വകലാശാല പ്രവർത്തിച്ചു വരുന്നു. ആരാണ് ആ വ്യക്തി?

എ) എം. വിശ്വേശ്വരയ്യ | ബി) സാവിത്രിഭായി ഫൂലെ

സി) ജോൺ മത്തായി | ഡി) ജെ ആർ ഡി ടാറ്റ

44. ലിംഗ സമത്വനീതി ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച നൂതന ആശയമാണ് ജൻഡർ ബഡ്ജറ്റിംഗ്. ഈ പ്രസ്താവന ശരിയാണോ ?

എ) ശരിയാണ് | ബി) ശരിയല്ല

സി) ഭാഗികമായി യോജിക്കുന്നു | ഡി) പൂർണ്ണമായി വിയോജിക്കുന്നു

45. ഏത് പഞ്ചവൽസര പദ്ധതിയാണ് കേരളത്തിൽ ജനകീയ പദ്ധതി എന്ന് അറിയപ്പെടുന്നത് ?

എ) അഞ്ചാം പഞ്ചവൽസര പദ്ധതി

ബി) ഒൻപതാം പഞ്ചവൽസര പദ്ധതി

സി) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി

ഡി) പത്താം പഞ്ചവൽസര പദ്ധതി

46. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പദ്ധതികൾക്കുമായി വികസന ഫണ്ടിൽനിന്നും നീക്കിവെക്കേണ്ട കുറഞ്ഞ തുക എത്ര ?

എ) 5 % | ബി) 10 %

സി) 1 % | ഡി) 15 %

47. കാർഷിക ചെറുകിട കുടിൽ വ്യവസായത്തിന് പ്രാധാന്യം നൽകിയ പദ്ധതി ആയിരുന്നു

എ) സർവോദയ പദ്ധതി | ബി) ബോംബെ പ്ലാൻ

സി) ഗാന്ധിയൻ പ്ലാൻ | ഡി) ജനകീയ പദ്ധതി

48. പഞ്ചവൽസര പദ്ധതികൾ രൂപപ്പെടുത്തുന്ന ദേശീയ ആസൂത്രണ കമ്മീഷന് പകരം നിലവിൽ വന്ന സംവിധാനം

എ) NIRDPR | ബി) NITI Aayog

സി) DPC | ഡി) DDC

49. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളെ അടിസ്ഥാനമാക്കി ശരിയുത്തരം തെരഞ്ഞെടുക്കുക.

പ്രസ്താവന 1 : സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആസൂത്രണത്തിന് വേണ്ടി സ്ഥാപിതമായ സ്ഥാപനമാണ് ആസൂത്രണ കമ്മീഷൻ

പ്രസ്താവന 2 : ആസൂത്രണ കമ്മീഷന്റെ പുതിയ രൂപമാണ് 2015 ജനവരി 1 ന നിലവിൽ വന്ന നീതി ആയോഗ്

എ) പ്രസ്താവന 1 തെറ്റ് ബി) പ്രസ്താവന 2 തെറ്റ്
സി) പ്രസ്താവനകൾ 2 ഉം ശരി ഡി) പ്രസ്താവനകൾ 2 ഉം തെറ്റ്

50. ജില്ലാ ആസൂത്രണ സമിതിയുടെ അധ്യക്ഷൻ

എ) ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്
ബി) ജില്ല കളക്ടർ
സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ഡി) ജില്ലാ പ്ലാനിംഗ് ഓഫീസർ

51. ഇന്ത്യയിൽ ആദ്യ സെൻസസ് 1891 ൽ നടന്നു. ഇന്ത്യയിൽ ഏറ്റവും ഒടുവിലായി സെൻസസ് 2011 ൽ നടന്നു. സാധാരണയായി എത്ര വർഷത്തിന്റെ ഇടവേളക ളിലായാണ് സെൻസസ് നടക്കാറുള്ളത്.

എ) 8 ബി) 10
സി) 12 ഡി) 14

52. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ തലത്തിൽ നേതൃത്വം നൽകുന്നതാര്?

എ) ജില്ലാ കളക്ടർ ബി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
സി) എ.ഡി.എം ഡി) ജില്ലാ പ്ലാനിംഗ് ഓഫീസർ

53. 2015 -ൽ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത് ഏത്?

എ) ദാരിദ്ര്യ നിർമ്മാർജ്ജനം ബി) ലിംഗനീതി
സി) ഗുണമേന്മാ വിദ്യാഭ്യാസം ഡി) മേൽപ്പറഞ്ഞവ എല്ലാം

54. 'എന്ത് ചെയ്യണമെന്നും, എപ്പോൾ ചെയ്യണമെന്നും ആര് അത് ചെയ്യണമെന്നും മുൻകൂട്ടി ചിന്തിക്കുക'. ഈ നിർവചനം എന്തിനെ സൂചിപ്പിക്കുന്നു.

എ) വികേന്ദ്രീകരണം ബി) ആസൂത്രണം
സി) ഏകാധിപത്യം ഡി) കേന്ദ്രീകരണം

55. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ആസൂത്രണം ഒരു അംഗീകൃത വികസന തന്ത്രമായി പ്രചാരത്തിൽ വന്നു. ഇന്ത്യയുടെ അന്നത്തെ പ്രധാനമന്ത്രി ജവഹർ ലാൽ നെഹ്രു ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ആസൂത്രണത്തിൽ ആകൃഷ്ടനാവു കയും ഇന്ത്യയിൽ പഞ്ചവൽസര പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഏത് രാഷ്ട്രമാണ് അത്?

എ) ജപ്പാൻ ബി) യു എസ് എ
സി) ബ്രിട്ടൺ ഡി) യു എസ് എസ് ആർ

56. ദാരിദ്ര്യം, തൊഴിലില്ലായ്മ, രോഗപ്രതിരോധം എന്നിവയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമഗ്രമായ ദേശീയ ആസൂത്രണ പദ്ധതിക്ക് രൂപം കൊടുക്കുന്ന സമിതി.

എ) ദേശീയ ആസൂത്രണ കമ്മിറ്റി ബി) നീതി ആയോഗ്
സി) ഡി പി സി ഡി) ബോംബെ പ്ലാൻ

57. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾക്കനുസരിച്ച് ശരിയുത്തരം തെരഞ്ഞെടുക്കുക

പ്രസ്താവന 1 : ഒരു കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണവും, ആ കെട്ടിടം നിലകൊള്ളുന്ന ഭൂമി വിസ്തൃതിയും തമ്മിലുള്ള അനുപാതം ആണ് എഫ് എ ആർ
പ്രസ്താവന 2 : എഫ് എ ആർ ഒരു സൂചിക ആയി ശതമാനത്തിൽ അവതരിപ്പിക്കുന്നത് എഫ് എസ് ഐ

എ) പ്രസ്താവന ഒന്ന് ശരി ബി) പ്രസ്താവന രണ്ട് ശരി
ബി) പ്രസ്താവനകൾ രണ്ടും ശരി ഡി) പ്രസ്താവനകൾ രണ്ടും തെറ്റ്

58. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിലൂടെ അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഏത് വിഭാഗത്തിൽപ്പെടുന്നു.

എ) കാറ്റഗറി എ ബി) കാറ്റഗറി ബി
സി) കാറ്റഗറി സി ഡി) കാറ്റഗറി ഡി

59. കേന്ദ്ര സർക്കാർ പഞ്ചവൽസര പദ്ധതികൾ അവസാനിപ്പിച്ചു എങ്കിലും സംസ്ഥാന സർക്കാർ പഞ്ചവൽസര പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. 2022-23 മുതൽ ആരംഭിക്കുന്ന പഞ്ചവൽസര പദ്ധതി എത്രാമത്തേതാണ് ?

എ) 13 ബി) 14
സി) 15 ഡി) 16

60. പഞ്ചായത്ത് തലത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥരുണ്ട്. പൊതു ഭരണ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ആര്?

എ) പഞ്ചായത്ത് അസി. സെക്രട്ടറി
ബി) പഞ്ചായത്ത് സെക്രട്ടറി
സി) കൃഷി ഓഫീസർ
ഡി) പഞ്ചായത്ത് എഞ്ചിനീയർ

61. ഒരു നഗര പ്രദേശത്തിന് വേണ്ടി രൂപപ്പെടുത്തിയ ഭാവി വികസന സാധ്യതകൾ പ്രദർശിപ്പിക്കുന്ന രൂപരേഖ ഏത്?

എ) മാസ്റ്റർ പ്ലാൻ ബി) സ്പേഷ്യൽ പ്ലാൻ
സി) രൂപരേഖ ഡി) ഇവയൊന്നുമല്ല

62. കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ഏഴ് സാങ്കേതിക വിഭാഗങ്ങളുണ്ട്. ഇവയിൽ ഉൾപ്പെടാത്തവയെ കണ്ടെത്തുക

എ) കൃഷി
ബി) വികേന്ദ്രീകൃത ആസൂത്രണം
സി) സാമൂഹ്യ സേവനം
ഡി) രാജ്യരക്ഷയും സൈനികക്ഷേമവും

63. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ ഡോ. വി.കെ രാമചന്ദ്രനാണ്. എന്നാൽ നീതി ആയോഗിന്റെ ചെയർപേഴ്സൺ ആരാണ്?

എ) പ്രധാനമന്ത്രി
ബി) പ്രസിഡന്റ്
സി) ഉപരാഷ്ട്രപതി
ഡി) ലോകസഭാസ്പീക്കർ

64. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് ഏത് ?

(1) കേരളത്തിൽ ത്രിതല പഞ്ചായത്ത് സമ്പ്രദായമാണ് നിലവിലുള്ളത്

(2) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഉള്ള വാർഡുകളുടെ എണ്ണം തുല്യമാണ്

എ) 1 ശരി 2 തെറ്റ്
ബി) 1 തെറ്റ് 2 ശരി
സി) രണ്ടും ശരിയാണ്
ഡി) രണ്ടും തെറ്റാണ്

65. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായവ ഏത് ?

1. പഞ്ചായത്തുകളിൽ ബജറ്റ് അവതരിപ്പിക്കുന്നത് ഒരു വർഷത്തേക്കാണ്

2. പഞ്ചായത്തുകളുടെ വികസന പ്രോജക്ടുകൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

എ) 1 ശരി 2 തെറ്റ്
ബി) 1 തെറ്റ് 2 ശരി
സി) രണ്ടും തെറ്റാണ്
ഡി) രണ്ടും ശരി

66. കേരളത്തിൽ ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം 2021ൽ ആഘോഷിച്ചു. ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്തുള്ള കേരളത്തിലെ മുഖ്യമന്ത്രി താഴെ പറയുന്നവരിൽ ആരായിരുന്നു

എ) വി.എസ്. അച്യുതാനന്ദൻ
ബി) ഇ.കെ നായനാർ
സി) എ കെ ആന്റണി
ഡി) ഉമ്മൻചാണ്ടി

67. ജനകീയാസൂത്രണത്തിന്റെ തുടർച്ചയായി കേരളത്തിൽ രൂപീകരിച്ച സ്ത്രീശാക്തീകരണ പ്രസ്ഥാനം ഏതാണ് ?

എ) വനിതാ സഹകരണ സൊസൈറ്റി
ബി) ഭക്ഷ്യസുരക്ഷാസേന
സി) കുടുംബശ്രീ
ഡി) ഹരിതകർമ്മസേന

68. കുടുംബശ്രീ ബൈലോ പ്രകാരം സംഘടനാ തിരഞ്ഞെടുപ്പ് നടത്തുന്ന ഇടവേള എത്ര വർഷമാണ് ?

എ) രണ്ടു വർഷം ബി) മൂന്നുവർഷം

സി) നാലുവർഷം ഡി) അഞ്ചു വർഷം

69. ഒരു കുടുംബശ്രീ യൂണിറ്റിലെ പരമാവധി അംഗങ്ങൾ എത്ര?

എ) 10 അംഗങ്ങൾ ബി) 12 അംഗങ്ങൾ

സി) 15 അംഗങ്ങൾ ഡി) 20 അംഗങ്ങൾ

70. 'നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിങ്ങ് ഇന്ത്യ' എന്ന സ്ഥാപനം അറിയപ്പെടുന്നത് ഏത് പേരിലാണ്?

എ) നീതിആയോഗ് ബി) ആസൂത്രണ കമ്മീഷന്

സി) ദേശീയ സുരക്ഷാ സമിതി ഡി) ദേശീയ വികസന സമിതി

71. ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറി ആര് ?

എ) ജില്ലാ പ്ലാനിംഗ് ഓഫീസർ ബി) ജില്ലാ കളക്ടർ

സി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഡി) ജില്ലാ ലേബർ ഓഫീസർ

72. 2018ലെ മഹാപ്രളയത്തിൽ രക്ഷകരായി വന്ന് 'കേരളത്തിന്റെ സ്വന്തം സൈന്യം' എന്നപേരിൽ രക്ഷാപ്രവർത്തനം നടത്തിയത് താഴെപ്പറയുന്നവയിൽ ആരാണ്?

എ) മത്സ്യത്തൊഴിലാളികൾ ബി) കേരള പോലീസ്

സി) കരസേന ഡി) ഫയർ ഫോഴ്സ്

73. താഴെ പറയുന്നതിൽ മഹലനോബിസ് മാതൃകയെന്ന് അറിയപ്പെടുന്ന പഞ്ചവത്സര പദ്ധതി തിരിച്ചറിയുക.

എ) ഒന്നാം പഞ്ചവത്സര പദ്ധതി ബി) രണ്ടാം പഞ്ചവത്സര പദ്ധതി

സി) മൂന്നാം പഞ്ചവത്സര പദ്ധതി ഡി) നാലാം പഞ്ചവത്സര പദ്ധതി

74. താഴെപ്പറയുന്ന പ്രസ്താവനകളെ അടിസ്ഥാനമാക്കി ശരിയുത്തരം തെരഞ്ഞെടുക്കുക.

പ്രസ്താവന 1 : 1967 സെപ്റ്റംബറിൽ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിക്കുമ്പോൾ കേരള മുഖ്യമന്ത്രി ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു.

പ്രസ്താവന 2 : കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആദ്യ ചെയർമാൻ ഇ.എം.എസ് ആയിരുന്നു.

എ) 1 ശരി 2 തെറ്റ് ബി) 1 തെറ്റ് 2 ശരി

സി) പ്രസ്താവനകൾ രണ്ടും ശരി ഡി) പ്രസ്താവനകൾ രണ്ടും തെറ്റ്

75. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നെൽകൃഷി വികസന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ് ?

എ) പഞ്ചായത്ത് സെക്രട്ടറി
ബി) പഞ്ചായത്ത് പ്രസിഡന്റ്
സി) കൃഷി ഓഫീസർ
ഡി) കൃഷി അസിസ്റ്റന്റ്

76. ആധുനിക ഇന്ത്യയുടെ സാങ്കേതിക മുന്നേറ്റങ്ങൾക്ക് ഉത്തേജനം നൽകുന്നതിൽ ഐ. ഐ.ടി കൾ വഹിച്ച പങ്ക് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഈ സ്ഥാപനങ്ങളൊക്കെ നിലവിൽ വരുന്നത് വ്യാവസായിക വികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരു പഞ്ചവൽസരപദ്ധതി കാലത്താണ്. ഏതാണ് ആ പഞ്ചവൽസര പദ്ധതി ?

എ) ഒന്നാം പഞ്ചവൽസര പദ്ധതി
ബി) രണ്ടാം പഞ്ചവൽസര പദ്ധതി
സി) മൂന്നാം പഞ്ചവൽസര പദ്ധതി
ഡി) നാലാം പഞ്ചവൽസര പദ്ധതി

77. ബാങ്ക് ദേശസാൽക്കരണം ഒരു കാലഘട്ടത്തിന്റെ ആവശ്യം ആയിരുന്ന ഇന്ത്യയുടെ ഉൾഗ്രാമങ്ങളിൽ വരെ ബാങ്കിംഗ് സേവനങ്ങൾ വ്യാപിപ്പിക്കുന്നതിലും മുൻഗണനാ മേഖലകളിൽ ഫണ്ടുകൾ അനുവദിക്കുന്നതിലും ആ നീക്കം നിർണായകമായി. ബാങ്ക് ദേശസാൽക്കരണം നടപ്പിലാക്കിയ ഭരണാധികാരി ആരാണ്?

എ) ഇന്ദിരാഗാന്ധി
ബി) രാജീവ് ഗാന്ധി
സി) ജവഹർലാൽ നെഹറു
ഡി) സർദാർ വല്ലഭായി പട്ടേൽ

78. ജനകീയാസൂത്രണം താഴെപ്പറയുന്നവയിൽ ഏത് വിഭാഗത്തിൽപ്പെടുന്നു.

എ) കേന്ദ്രീകൃതാസൂത്രണം
ബി) വികേന്ദ്രീകൃതാസൂത്രണം
സി) ഗാന്ധിയൻ ആസൂത്രണം
ഡി) ബോംബെ ആസൂത്രണം

79. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ (SDP)സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കി നൽകുന്ന സ്ഥാപനം

എ) ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്
ബി) ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്
സി) ആസൂത്രണ മന്ത്രാലയം
ഡി) സെൻസസ് ഡിപ്പാർട്ട്മെന്റ്

80. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വികസന പദ്ധതിക്ക് അന്തിമരൂപം നൽകുന്നത് ആര്?

എ) ജില്ലാ പഞ്ചായത്ത്
ബി) ജില്ലാ കളക്ടർ
സി) ജില്ലാ ആസൂത്രണ സമിതി
ഡി) ജില്ലാ കൗൺസിൽ

81. നഗരാസൂത്രണവകുപ്പിന്റെ ചുമതലകളിൽ പെടാത്തത് ഏത് ?

എ) സംസ്ഥാന ജില്ലാ പ്രാദേശിക തലങ്ങളിൽ വിവിധ പദ്ധതികൾ തയ്യാറാക്കൽ

ബി) സെറ്റിൽമെന്റ് ആസൂത്രണവും വികസനവും സംബന്ധിച്ച നിയമനിർമ്മാണങ്ങൾ

സി) സെറ്റിൽമെന്റുകളുടെ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എൽ.എസ്.ജി.കളെയും സർക്കാരിനെയും ഉപദേശിക്കൽ

ഡി) ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകൽ

82. ഒരു സർവ്വേ നടത്തുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ചില പ്രക്രിയകൾ താഴെ ക്രമം തെറ്റിച്ച് കൊടുത്തിരിക്കുന്നു അവ ശരിയായ ക്രമത്തിൽ എഴുതുക

1. സർവ്വേ പ്ലാൻ വികസിപ്പിക്കുക
2. വിവരശേഖരണം നടത്തുക
3. സർവ്വേയുടെ ഉദ്ദേശം നിർവചിക്കുക
4. ഡാറ്റയുടെ വിശകലനവും വ്യാഖ്യാനവും

എ) 4,1,2,3 ബി) 3,2,1,4

സി) 3,4,1,2 ഡി) 3, 1, 2, 4

83. പഞ്ചായത്ത് തല കാർഷിക വികസന സമിതിയുടെ കൺവീനർ ആര്

എ) പഞ്ചായത്ത് പ്രസിഡന്റ് ബി) പഞ്ചായത്ത് സെക്രട്ടറി

സി) കൃഷി ഓഫീസർ ഡി) പഞ്ചായത്ത് എഞ്ചിനീയർ

84. താഴെ പറയുന്നവയിൽ ഭരണഘടനാസ്ഥാപനം അല്ലാത്തത് ഏതാണ് എന്ന് കണ്ടെത്തുക.

എ) തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതി

ബി) സംസ്ഥാന ധനകാര്യകമ്മീഷൻ

സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഡി) പബ്ലിക് സർവീസ് കമ്മീഷൻ

85. 1982 ജൂലൈ 12 ന് ഗ്രാമീണ മേഖലകളുടെ വികസനത്തിനായി ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (നബാർഡ്) സ്ഥാപിക്കാൻ ശുപാർശ നൽകിയ കമ്മിറ്റി

എ) ശിവദാസൻ കമ്മിറ്റി ബി) ശിവരാമൻ കമ്മിറ്റി

സി) ദാമോദരൻ കമ്മിറ്റി ഡി) തോമസ് ഐസക് കമ്മിറ്റി

86. ഗ്രാമപഞ്ചായത്തുകൾ ഉല്പാദന മേഖലക്കായി മാറ്റി വെക്കേണ്ട കുറഞ്ഞ തുക

എ) 20% ബി) 25%

സി) 10% ഡി) 30%

87. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ നിർണ്ണയിച്ചിരിക്കുന്ന പട്ടിക

എ) ഒന്നാം പട്ടിക
ബി) മൂന്നാം പട്ടിക
സി) നാലാം പട്ടിക
ഡി) അഞ്ചാം പട്ടിക

88. ഗ്രാമ പഞ്ചായത്ത് തല ആസൂത്രണ സമിതി കൺവീനർ ?

എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി
ബി) ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
സി) കൃഷി ഓഫീസർ
ഡി) അസിസ്റ്റൻറ് സെക്രട്ടറി

89. 2018-ൽ പുതുതായി ഏർപ്പെടുത്തിയ വർക്കിങ് ഗ്രൂപ്പ്

എ) ജൈവവൈവിധ്യ മാനേജ്മെൻറ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം
ബി) പട്ടികവർഗ സേവനം
സി) മത്സ്യബന്ധനം
ഡി) മൃഗ സംരക്ഷണം

90. 'ജൈവവൈവിധ്യ മാനേജ്മെൻറ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' വർക്കിങ് ഗ്രൂപ്പ് ഏത് സ്റ്റാൻഡിങ് കമ്മിറ്റി പരിധിയിലാണ് വരുന്നത്?

എ) ധനകാര്യം
ബി) തദ്ദേശവികസനം
സി) ധനകാര്യം
ഡി) വികസനം

91. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്?

എ) പഞ്ചായത്ത് കമ്മിറ്റി
ബി) നിർവാഹണ ഉദ്യോഗസ്ഥൻ
സി) വർക്കിങ് ഗ്രൂപ്പ്
ഡി) പഞ്ചായത്ത് ആസൂത്രണ സമിതി

92. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന രേഖ തയ്യാറാക്കുന്നത് ഏത് കാലയളവിലേക്ക്?

എ) നടപ്പ് വാർഷിക പദ്ധതി കാലത്തേക്ക്
ബി) പഞ്ചവൽസര പദ്ധതി കാലത്തേക്ക്
സി) എല്ലാ വാർഷിക പദ്ധതി കാലത്തും
ഡി) 25 വർഷത്തേക്ക്

93. ജി ഐ എസിന്റെ (GIS) പൂർണ രൂപം എന്ത്?
എ) ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം
ബി) ജിയോഗ്രാഫിക്കൽ ഇന്റിമേഷൻ സിസ്റ്റം
സി) ജിയോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റം
ഡി) ജിയോളജിക്കൽ ഇന്റിമേഷൻ സിസ്റ്റം

94. ഭൂമിശാസ്ത്രപരമായ ഡാറ്റയെ ഡിജിറ്റൽ ആയി പ്രതിനിധീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഉപയോഗിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത വിവര സംവിധാനം

എ) ഡി ഐ എസ് ബി) പി ഐ എസ്

സി) ജി ഐ എസ് ഡി) സി ഐ എസ്

95. ഒരു പ്രത്യേക ആവശ്യത്തിനായി ക്രമീകരിച്ച ഡാറ്റ ?

എ) ജി ഐ എസ് ബി) പി ഐ എസ്

സി) ഇൻഫർമേഷൻ ഡി) സി ഐ എസ്

96. തൃതീയ ഡാറ്റയ്ക്ക് ഉദാഹരണം

എ) പദ്ധതി രേഖ ബി) വികസന രേഖ

സി) പ്രബന്ധങ്ങൾ ഡി) ചരിത്ര ഗ്രന്ഥം

97. ജില്ലാആസൂത്രണസമിതി രൂപീകരിച്ചിരിക്കുന്നത് ഭരണ ഘടനയുടെ എത്രാമത്തെ ആർട്ടിക്കിൾ പ്രകാരമായിരുന്നു?

എ) 243 ZA ബി) 243 ZB

സി) 243 ZD ഡി) 243 Z E

98. ഭൂമിയുടെ ഉയര വ്യത്യാസം കണ്ടറിഞ്ഞ് മണ്ണ്, ജല, ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന പൊതുവായ നീരൊഴുക്കുള്ള പ്രദേശമാണ് ...........

എ) വാർഡ് ബി) വില്ലേജ്

സി) നീർത്തടം ഡി) ഡിവിഷൻ

99. ഗ്രാമ പഞ്ചായത്തുകളിൽ രൂപീകരിക്കേണ്ട അനിവാര്യമായ വർക്കിങ് ഗ്രൂപ്പുകളുടെ എണ്ണം?

എ) 12 ബി) 11

സി) 13 ഡി) 10

100. ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചത്?

എ) 16/08/1996 ബി) 17/08/1996

സി) 17/08/1997 ഡി) 15/08/1997

***********

